VOL NO: 07 I ISSUE 32
www.nerpatham.com
mail@nerpatham.com
2023 AUGUST 12 I ₹10

# നേർപഥം

വാരിക



# മരണാനന്തര ജീവിതം സത്യമോ മിഥ്യയോ?

ആഗ്രഹഫലമായി ഭൂമിയിൽ പിറന്നുവീണവനല്ല മനുഷ്യൻ. ആഗ്രഹിച്ച സമയത്ത് സ്വാഭാവിക മരണം വന്നെത്തുമെന്ന് പ്രതീക്ഷിക്കാനും വയ്യ! ജീവിച്ചിരുന്ന കാലമത്രയും ആഗ്രഹിച്ച പോലെ നടക്കാൻ കഴിഞ്ഞുവെന്ന് അവകാശപ്പെടാൻ ഒരാൾക്കും സാധ്യമല്ല താനും! അപ്പോൾപിന്നെ മരണാനന്തരമെങ്കിലും അതിന്റെ പൂർത്തീകരണം സാധിതമാകേണ്ടേ? മരണാനന്തരജീവിതത്തെ കുറിച്ചുള്ള ഇസ്‌ലാമിക അധ്യാപനങ്ങൾ അതിലേക്കാണ് വെളിച്ചം വീശുന്നത്.

## വിശ്വാസവും ശാസ്ത്രവും സൗദിയിലെ ബാങ്കുവിളിയും

|| മുൻകാല വിധികളും ശിരോവസ്ത്ര വിഷയവും

|| തന്നിഷ്ടക്കാരായ പണ്ഡിതരും വിവരമില്ലാത്ത അനുയായികളും

|| ഇസ്‌ലാം വിരോധിച്ച ജാറനിർമാണവും മനോവിഷമത്തിലായ ജാറവ്യവസായികളും





GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0342

# നേർപഥം

വാരിക

2023 ആഗസ്റ്റ് 12
1445 മുഹററം 25
പുസ്തകം 07 / ലക്കം 32





Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി

10

## മരണാനന്തര ജീവിതം സത്യമോ മിഥ്യയോ?

മുബാറക് ബിൻ ഉമർ

മുഖമൊഴി
05 തന്നിഷ്ടക്കാരായ പണ്ഡിതരും വിവരമില്ലാത്ത അനുയായികളും

ലേഖനം
06 വിശ്വാസവും ശാസ്ത്രവും സൗദിയിലെ ബാങ്കുവിളിയും
ടി.കെ അശ്റഫ്

നിയമപഥം
08 അന്വേഷണത്തെ സഹായിക്കുന്ന അടയാളങ്ങൾ
അബൂആദം അയ്മൻ

വിമർശനം
18 ഇസ്‌ലാം വിരോധിച്ച ജാറനിർമാണവും മനോവിഷമത്തിലായ ജാറവ്യവസായികളും
മൂസ സ്വലാഹി കാര

ലേഖനം
23 മുൻകാല വിധികളും ശിരോവസ്ത്ര വിഷയവും
സുഫ്‌യാൻ അബ്ദുസ്സലാം

ലേഖനം
26 വിവാഹ പ്രവചനങ്ങൾ
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
30 ഇസ്‌ലാമിന്റെ തെളിവുകൾ: ഫിലോസഫി എന്ത് പറയുന്നു?
ഷാഹുൽ പാലക്കാട്

ബാലപഥം
34 പൊൻമകനേ...!
ഹുസ്ന മലോറം

# അപകടം പതിയിരിക്കുന്ന കൂട്ടുകെട്ടുകൾ

യുവാക്കളും വിദ്യാർഥികളും പലവിധ തിന്മകളിൽ മുന്നേറുന്ന അവസ്ഥയാണ് സമകാലിക ലോകത്ത് കണ്ടുകൊണ്ടിരിക്കുന്നത്. ഇവരിൽ ഭൂരിപക്ഷവും ചീത്ത കൂട്ടുകെട്ടിൽ അകപ്പെട്ടാണ് മദ്യം, മയക്കുമരുന്ന് പോലുള്ളവ ഉപയോഗിച്ചു തുടങ്ങുന്നത് എന്നത് ഒരു യാഥാർഥ്യമാണ്. പിന്നീട് അവർ അവയ്ക്ക് അഡിക്റ്റാവുകയും കാശിനുവേണ്ടി വിൽപന നടത്തുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു.

ജീവിതത്തിൽ ഒരാളെ കൂടുതൽ സ്വാധീനിക്കുന്നത് കൂട്ടുകാരാണ്. 'ഒരാൾ അവന്റെ കൂട്ടുകാരന്റെ ആദർശത്തിലായിരിക്കും' എന്ന പ്രവാചക വചനം ശ്രദ്ധേയമാണ്. കൂട്ടുകാരൻ തിന്മയുടെ വക്താവാണെങ്കിൽ ക്രമേണ നമ്മളും അവന്റെ കൂടെ കൂടി അങ്ങനെയായി മാറും; നന്മയുടെ മാർഗത്തിൽ ജീവിക്കുന്നവനാണെങ്കിൽ നമ്മളും നന്മയുള്ളവരായിത്തീരും. അധാർമികതയിൽ ജീവിക്കുന്ന ഒരു പറ്റം സുഹൃത്തുക്കളുണ്ടെങ്കിൽ അവരുടെ തിന്മയുടെ വലയത്തിൻനിന്ന് രക്ഷപ്പെടുക എന്നത് അത്ര എളുപ്പമല്ല.

അതുകൊണ്ടുതന്നെ താൻ ആരുമായിട്ടാണ് കൂട്ടുകൂടുന്നതെന്ന് നോക്കാൻ നബി(സ) നമ്മെ ഉപദേശിച്ചിട്ടുണ്ട്. തിന്മ ചെയ്യുന്ന ഒരാളാണ് കൂട്ടുകാരനെന്നു വ്യക്തമായാൽ അവനെ നേർവഴിയിലേക്ക് നയിക്കേണ്ടത് നമ്മുടെ കടമയാണ്. കൗമാരക്കാരും യുവാക്കളും കൂടുതൽ അടുത്തിടപഴകുന്നതും ഉള്ളു തുറന്ന് സംസാരിക്കുന്നതും സ്വന്തം സുഹൃത്തുക്കളോടാണ്. അതുകൊണ്ട് കൂട്ടുകാർക്കിടയിൽ പരസ്പര സഹകരണവും വിശ്വാസ്യതയും ഉണ്ടായിരിക്കൽ അനിവാര്യമാണ്. സഹകരണം നന്മയിൽ മാത്രമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

നന്മയിൽ പരസ്പരം സഹകരിക്കുമ്പോഴാണ് സുഹൃദ്ബന്ധം ഉപകാരപ്രദമാവുക. അശ്ലീല വാക്കുകൾ പറയൽ മുമ്പൊക്കെ സംസ്കാരശൂന്യതയുടെ അടയാളമായിരുന്നു. എന്നാൽ ഇന്നത് ഒരു സംസ്കാരമായി മാറിയിരിക്കുന്നു; വൃത്തികെട്ട ന്യൂജൻ സംസ്കാരം. അതൊന്നും വൃത്തികേടല്ല എന്ന് വരുത്തിത്തീർക്കാൻ ബോധപൂർവമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന വസ്തുത നാം കാണാതിരുന്നുകൂടാ. ഇങ്ങനെയുള്ളവരിൽനിന്ന് അകന്നു നിൽക്കലാണ് ഉത്തമം.

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്ന ചൊല്ല് നിത്യ പ്രസക്തമാണ്. ഒരു നല്ല കൂട്ടുകാരൻ നമ്മുടെ കുറ്റങ്ങളും പോരായ്മകളും നമുക്ക് ചൂണ്ടിക്കാണിച്ചു തരുന്നവനാണ്. എന്നാൽ ഒരു നല്ല സുഹൃത്തല്ലയെങ്കിൽ നമ്മിൽനിന്ന് വന്നുപോകുന്ന തെറ്റുകൾക്ക് പ്രോൽസാഹനം നൽകുവാനാണ് ശ്രമിക്കുക. അവരത് മറ്റുള്ളവരിലേക്ക് എത്തിക്കുകയും നമ്മുടെ അഭിമാനം വ്രണപ്പെടുവാൻ അത് കാരണമായിത്തീരുകയും ചെയ്യും.

വൃത്തികേടുകൾ ചെയ്തു മരിച്ച ഒരാൾ നാളെ പരലോകത്ത് വരുമത്രെ. അവന്റെ കൂടെ എല്ലാ വൃത്തികേടിനും കൂട്ടുനിന്ന അവന്റെ ഉറ്റ സുഹൃത്തുക്കളെല്ലാം സ്വർഗത്തിൽ പ്രവേശിക്കുമ്പോൾ അവൻ അല്ലാഹുവിനോട് പറയും: 'അല്ലാഹുവേ, അവർ എന്റെ കൂടെ എല്ലാ വൃത്തികേടിനും കൂട്ടുനിന്നവരാണ്. അവർ എന്തുകൊണ്ടാണ് സ്വർഗത്തിൽ പ്രവേശിക്കുന്നത്?' അപ്പോൾ അല്ലാഹു പറയും: 'അവർ നിന്റെ മരണം കണ്ട്. മരണം യാഥാർഥ്യമാണല്ലോ, ഇതുപോലെ മരിച്ചുപോയാൽ നാളെ അല്ലാഹുവിന്റെ കത്തിയാളുന്ന നരകത്തിൽ അകപ്പെടുമല്ലോ എന്ന് ഭയന്ന് സകല വൃത്തികേടുകളിൽനിന്നും വിട്ടുനിന്നവരാണ്.' അപ്പോൾ ഒന്നും പറയാൻ കഴിയാതെ അവൻ ഖേദിച്ചു നിൽക്കുകയും നരകത്തിലേക്ക് അവൻ എറിയപ്പെടുകയും ചെയ്യുന്നതാണ്. അത്തരം ദുരവസ്ഥ നമുക്ക് സംഭവിക്കാതിരിക്കാൻ സുഹൃദ്ബന്ധം നാം നന്നാക്കുക. പരസ്പരം കാണുമ്പോൾ സലാം പറയുന്നതിൽ മടികാണിക്കുന്ന സുഹൃത്തുക്കളുണ്ട്. സ്വന്തം വീട്ടിലുള്ളവരോടും അവർ സലാം പറയില്ല. അത് ഒരു കുറവായിട്ടാണ് അവർ കാണുന്നത്. സലാം പറയുന്നതിന്റെ മഹത്ത്വവും ഇഹപര നേട്ടവും മനസ്സിലാക്കാത്തതുകൊണ്ടാണിത്.

**-സഹൽ മഷ്ഹൂർ ബിൻ അബ്ദുൽ മജീദ്**
*അൽഹിക്മ അറബിക് കോളേജ്,*
*എടത്തനാട്ടുകര*

മുഖമൊഴി

# തന്നിഷ്ടക്കാരായ പണ്ഡിതരും വിവരമില്ലാത്ത അനുയായികളും

ഇഹലോകത്തിലെ സുഖഭോഗങ്ങളോട് അങ്ങേയറ്റം പ്രതിപത്തി പുലർത്തുകയും അതിന് പ്രാമുഖ്യം നൽകുകയും ചെയ്യുന്നവരായി പണ്ഡിതന്മാർ മാറിയാൽ ദൈവത്തിന്റെ പേരിൽ കള്ളം പറയാനും തന്നിഷ്ടപ്രകാരം മതവിധികൾ നൽകാനും അവർ മടികാണിക്കില്ല എന്നതിൽ സംശയമില്ല. കാരണം അവരുടെ ഏകലക്ഷ്യം ഭൗതിക വിഭവങ്ങളാണ്. അത് ലഭിക്കുവാൻ ഏതുവഴിയും സ്വീകരിക്കുവാൻ അവർ തയ്യാറായിരിക്കും. ജനങ്ങൾക്ക് ഇഷ്ടമുള്ള കാര്യങ്ങൾ മാത്രം പറഞ്ഞും അവരുടെ ഇച്ഛകൾക്കനുസരിച്ച് മതവിധികൾ നൽകിയും അവരുടെ ഇഷ്ടം പിടിച്ചുപറ്റാനും അതിലൂടെ സാമ്പത്തികമായി അവരെ ചൂഷണം ചെയ്യാനും ഈ പണ്ഡിതന്മാർ ശ്രമിച്ചുകൊണ്ടേയിരിക്കും.

പണ്ഡിതന്മാരും നേതാക്കളും സ്ഥാനമാനങ്ങളും നേതൃത്വവും കൊതിക്കുന്നവരും ദേഹേച്ഛകളെ പിൻപറ്റുന്നവരുമാണെങ്കിൽ സത്യത്തിനെതിരായി നിലകൊള്ളാനേ അവർക്ക് കഴിയൂ. വ്യക്തമായ പ്രമാണവചനങ്ങളെ പോലും ദുർവ്യാഖ്യാനിച്ച് അതിനെതിരായി വിധിപറയാൻ അവർ തയ്യാറാകും.

തന്നിഷ്ടങ്ങളെ പിന്തുടരുന്നവർ ദുർമാർഗികളാണെന്നും അതിന്റെ തിക്തഫലം അവർ അനുഭവിക്കുമെന്നും അല്ലാഹു അറിയിച്ചിട്ടുണ്ട്: “എന്നിട്ട് അവർക്കുശേഷം അവരുടെ സ്ഥാനത്ത് ഒരു പിൻതലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തന്മൂലം ദുർമാർഗത്തിന്റെ ഫലം അവർ കണ്ടെത്തുന്നതാണ്” (ക്വുർആൻ 19:59).

ഇഹലോകത്തിൽ ഭ്രമിച്ചവരും നേതൃസ്ഥാനം വഹിക്കുവാൻ ഏതറ്റം വരെ പോകാൻ തയ്യാറുള്ളവരും ഇച്ഛകളെ പിൻപറ്റുന്നവരുമായ പണ്ഡിതന്മാർ എക്കാലത്തും സമൂഹത്തിന് ശാപമാണ്. തന്നിഷ്ടത്തെ പിന്തുടർന്ന ഒരു പണ്ഡിതനെ അല്ലാഹു വിശേഷിപ്പിക്കുന്നത് കാണുക:

“നാം നമ്മുടെ ദൃഷ്ടാന്തങ്ങൾ നൽകിയിട്ട് അതിൽ നിന്ന് ഊരിച്ചാടുകയും, അങ്ങനെ പിശാച് പിന്നാലെ കൂടുകയും, എന്നിട്ട് ദുർമാർഗികളുടെ കൂട്ടത്തിലാവുകയും ചെയ്ത ഒരുവന്റെ വൃത്താന്തം നീ അവർക്ക് വായിച്ചുകേൾപിച്ചുകൊടുക്കുക. നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവ (ദൃഷ്ടാന്തങ്ങൾ) മൂലം അവന് ഉയർച്ച നൽകുമായിരുന്നു. പക്ഷേ, അവൻ ഭൂമിയലേക്ക് (അത് ശാശ്വതമാണെന്ന ഭാവേന) തിരിയുകയും അവന്റെ തന്നിഷ്ടത്തെ പിൻപറ്റുകയുമാണ് ചെയ്തത്. അപ്പോൾ അവന്റെ ഉപമ ഒരു നായയുടെത് പോലെയാകുന്നു. നീ അതിനെ ആക്രമിച്ചാൽ അത് നാവ് തൂക്കിയിടും. നീ അതിനെ വെറുതെ വിട്ടാലും അത് നാവ് തൂക്കിയിടും. അതാണ് നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചുതള്ളിയവരുടെ ഉപമ...” (ക്വുർആൻ 7:176,175).

മതത്തെക്കുറിച്ച് കാര്യമായ വിവരമൊന്നുമില്ലാത്ത ചില ഭക്തൻമാരുണ്ട്. എന്നാൽ സ്വന്തം അറിവില്ലായ്മ അംഗീകരിക്കാൻ അവർ തയ്യാറാകില്ല. എന്നു മാത്രമല്ല വലിയ വിവരമുള്ളവരും ഭക്തരുമാണെന്നഭാവവും അവരിൽ കാണാം. പലപ്പോഴും സ്ഥിരപ്പെട്ട പ്രവാചകചര്യകളിൽ പലതിനെയും പുത്തനാചാരമായും പുത്തനാചാരങ്ങളെ പ്രവാചകചര്യകളായും ഇത്തരക്കാർ പരിഗണിക്കുന്നത് കാണാനാവും. സൃഷ്ടികളോട് പ്രാർഥിക്കുന്നതിൽ ഇവർ തെറ്റുകാണില്ല. അതിനെ എതിർക്കുന്നവരെ പിഴച്ചവരായി മുദ്രകുത്തുകയും ചെയ്യും. ഇക്കൂട്ടർ തങ്ങൾ അംഗീകരിക്കുന്ന പണ്ഡിതന്മാർ എന്തുപറഞ്ഞാലും അത് അന്ധമായി പിൻപറ്റാൻ തയ്യാറുള്ളവരുമായിരിക്കും. ക്വുർആൻ സൂക്തങ്ങളുടെയോ പ്രാർഥനകളുടെയോ അർഥമറിയാത്തതിനാൽ ചിന്തയുടെ വാതായനങ്ങൾ തുറക്കാൻ ഇവർക്കു കഴിയില്ല. തന്നിഷ്ടക്കാരായ പണ്ഡിതൻമാരുടെ പിൻബലം ഇത്തരം ആളുകളാണെന്ന് കാണാനാവും.

“നമ്മെ കണ്ടുമുട്ടും എന്ന് പ്രതീക്ഷിക്കാത്തവരും, ഇഹലോകജീവിതം കൊണ്ട് തൃപ്തിപ്പെടുകയും അതിൽ സമാധാനമടയുകയും ചെയ്തവരും, നമ്മുടെ തെളിവുകളെപ്പറ്റി അശ്രദ്ധരായി കഴിയുന്നവരും ആരോ; അവരുടെ സങ്കേതം നരകംതന്നെയാകുന്നു...” (ക്വുർആൻ 10:7,8).

# വിശ്വാസവും ശാസ്ത്രവും സൗദിയിലെ ബാങ്കുവിളിയും

**ടി.കെ അശ്റഫ്**
: 81118 07199



വിശ്വാസവും ശാസ്ത്രവും സജീവ ചർച്ചാവിഷയങ്ങളാണല്ലോ ഇപ്പോൾ കേരളത്തിൽ. ഈ ചർച്ച രണ്ട് ധ്രുവങ്ങളിലേക്ക് വലിഞ്ഞുപോകുന്നതിനെ നാം ഗൗരവതരമായി കാണണം. ഹിന്ദുവിശ്വാസങ്ങളെ ദുരുപയോഗം ചെയ്ത് മതരാഷ്ട്രവാദത്തിന് മണ്ണൊരുക്കുകയാണ് സംഘ്പരിവാർ ചെയ്യുന്നത്. വിമർശനവും നിന്ദയും തമ്മിലുള്ള അതിരുകൾ ബോധപൂർവം മായ്ക്കുന്നതിലൂടെ വിവിധ മതങ്ങൾ തമ്മിൽ നടക്കുന്ന ആരോഗ്യകരമായ ഡയലോഗുകൾ പോലും കുറ്റകരമായി വ്യഖ്യാനിക്കപ്പെടുന്നു.

ഭൗതികവാദികൾ ഈ സന്ദർഭത്തിൽ സംഘ്പരിവാറിന്റെ ഹിന്ദുത്വ രാഷ്ട്രീയത്തിനെതിരെ നിലകൊള്ളുന്നവരെയെല്ലാം ശാസ്ത്രബോധമാണ് എല്ലാത്തിനും മുകളിൽ എന്ന പൊതുബോധത്തിലേക്ക് എത്തിച്ച് മതരഹിത സമൂഹനിർമിതിക്ക് കളമൊരുക്കാനും ശ്രമിക്കുന്നു. ഇത് രണ്ടും അപകടമാണ്.

ഒരു മതത്തിന്റെ വിശ്വാസം ആ മതത്തിൽ വിശ്വസിക്കുന്നവർക്ക് പിൻപറ്റാനും പ്രചരിപ്പിക്കാനും സ്വാതന്ത്ര്യമുണ്ടാവണം. അതിനെ ആരും നിന്ദിക്കരുത്. ആർക്കും ആരോഗ്യകരമായ വിമർശനങ്ങൾ ഉന്നയിക്കാനും അവകാശമുണ്ടാവണം. ആശയസംവാദത്തിന്റെ വാതിലുകൾ കൊട്ടിയടക്കപ്പെടരുത്. ശാസ്ത്രത്തിന്റെ പേരിൽ മതങ്ങളുടെമേൽ കുതിരകയറാനും പാടില്ല.

ഇന്ത്യ ഒരു മതരാഷ്ട്രമല്ല; മതേതര രാജ്യമാണ്. പൗരന്മാർക്ക് മതമാവാം. രാഷ്ട്രത്തിന് മതം പാടില്ല. ഇതാണ് നമ്മുടെ നയം. മറ്റു മതങ്ങൾക്കും മതമില്ലാത്തവർക്കും ജീവിക്കാൻ പറ്റാത്തവിധം ഹിന്ദുത്വ രാഷ്ട്രം ലക്ഷ്യംവച്ച് ഹിന്ദുമതത്തെ ദുരുപയോഗം ചെയ്യുന്ന സംഘ്പരിവാർ രാഷ്ട്രീയത്തെയും ശാസ്ത്രമാണ് എല്ലാം എന്ന പൊതുബോധം ശക്തിപ്പെടുത്തുന്നതിലൂടെ മതരഹിത സമൂഹ സൃഷ്ടിക്കായി പണിയെടുക്കുന്നവരെയും തിരിച്ചറിഞ്ഞുകൊണ്ട് മതനിരപേക്ഷ നിലപാടിൽ നിലകൊള്ളാൻ ഈ ഘട്ടത്തിൽ നമുക്കാവണം. വർഗീയ ധ്രുവീകരണത്തിന് ആക്കം കൂട്ടുന്ന എല്ലാ ചർച്ചകളും അവസാനിപ്പിക്കണം.



മനസ്സ് എത്രമാത്രം ഇസ്‌ലാമോഫോബിക്കാണെന്ന് വ്യക്തമാക്കുന്നു. വിഷയം വിവാദമായപ്പോൾ തെറ്റായ വിവരത്തിൽനിന്ന് സംഭവിച്ച പരാമർശമാണെന്നും തെറ്റിദ്ധാരണ മാറ്റണമെന്നുള്ള മന്ത്രിയുടെ പ്രസ്താവന പുറത്തുവന്നിട്ടുണ്ട്. സംഘ്പരിവാറിന് നല്ലൊരു ആയുധം നൽകിയശേഷം തെറ്റുപറ്റി എന്നു പറഞ്ഞിട്ട് എന്തു കാര്യമാണുള്ളത്?

ബാങ്കുവിളിയുമായി ബന്ധപ്പെട്ട തന്റെ പരാമർശത്തിനാണ് മന്ത്രി തിരുത്തൽ പറഞ്ഞിട്ടുള്ളത്. സൗദി ഭയങ്കര തീവ്രവാദികളായ മുസ്‌ലിംകളുടെ ഇടമാണ് എന്നായിരുന്നു തന്റെ ധാരണ എന്നു പറഞ്ഞ സജി ചെറിയാൻ ഇന്ത്യയിലെ ഒരു സാധാരണ പൗരനല്ല; കേരളം എന്ന സംസ്ഥാനത്തിലെ മന്ത്രികൂടിയാണ്. കാലങ്ങളായി സൗദിയുമായി നല്ല ബന്ധം കാത്തുസൂക്ഷിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. എന്നിട്ടും ഇവിടുത്തെ ഒരു മന്ത്രിയുടെ ധാരണ ആ രാജ്യത്തെക്കുറിച്ച് ഇങ്ങനെയൊക്കെയാണ് എന്നത് എന്താണ് സൂചിപ്പിക്കുന്നത്? അദ്ദേഹം തീരെ ലോക വിവരമില്ലാത്ത വ്യക്തിയാണ് എന്നാണോ നാം ധരിക്കേണ്ടത്? ഇത്തരം നിരുത്തരവാദപരമായ പ്രസ്താവനകൾ ഒരു മന്ത്രിയിൽനിന്ന് ഉണ്ടാകാമോ?

അവിടെ ഹിന്ദുക്കളോടും ക്രിസ്ത്യാനികളോടും ജനാധിപത്യ രീതിയിലാണ് പെരുമാറുന്നതെന്നും അദ്ദേഹം പ്രത്യേകം എടുത്ത് പറയുന്നുണ്ട്. പക്ഷേ, അത് ഇസ്‌ലാമിന്റെ ഗുണമായി കാണാൻ അദ്ദേഹത്തിന് സാധിക്കുന്നില്ല എന്നതും നമ്മെ ആശ്ചര്യപ്പെടുത്തുന്നു. ഇന്ത്യയാണ് അവർക്ക് ആ സംസ്കാരം പഠിപ്പിച്ചതെന്നാണ് അദ്ദേഹം നിരീക്ഷിക്കുന്നത്. ഇന്ത്യയിലാകട്ടെ, നിലവിലുള്ള സൗഹാർദം ദിനംപ്രതി അസ്തമിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നതും!

ബഹു. സാംസ്കാരികകാര്യ, യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ സൗദിയിൽ പോയപ്പോൾ ബാങ്കുവിളി കേട്ടില്ലെന്ന് പറഞ്ഞത് ഒരിക്കലെങ്കിലും അവിടെ പോയവരെയെല്ലാം അമ്പരപ്പിക്കുന്നതാണ്. അവിടെ ബാങ്ക് പുറത്ത് കേട്ടാൽ വിവരമറിയുമെന്നും കൂടെയുള്ളയാൾ പറഞ്ഞതായും അദ്ദേഹം വിശദീകരിക്കുന്നുണ്ട്! സൗദിയിലെ പട്ടണങ്ങളിലൂടെ യാത്ര ചെയ്യുന്നവർക്ക് നമസ്കാര സമയമായാൽ മനോഹരമായ ബാങ്കുവിളി കേട്ടുകൊണ്ട് മാത്രമെ കടന്നുപോകാനാവൂ എന്നത് ഒരു വസ്തുതയാണ്. ഒരു ബാങ്കിന്റെ സമയത്തുതന്നെ യാത്രക്കിടയിൽ വ്യത്യസ്ത പള്ളികളിൽനിന്ന് ബാങ്കുവിളി കേൾക്കാനാകും. മന്ത്രി യാത്ര ചെയ്തത് ബാങ്കിന്റെ സമയത്താകില്ലെന്ന് കരുതാനേ ന്യായമുള്ളൂ. ബാങ്ക് പുറത്ത് കേൾപ്പിച്ചാൽ വിവരമറിയും എന്ന് മന്ത്രിയോട് പറഞ്ഞ വ്യക്തി ആരാണന്ന് അറിഞ്ഞാൽ സൗദിയുടെ ഏത് ഭാഗത്താണ് അങ്ങനെയൊരു നിയമമുള്ളതെന്ന് വിശദമായൊരന്വേഷണം നടത്താമായിരുന്നു.

ബാങ്ക് വിളിക്കുന്നതിനെ പ്രശ്നവത്കരിക്കാൻ പഴുതന്വേഷിക്കുന്നവരുള്ള നമ്മുടെ നാട്ടിൽ അവർക്ക് മരുന്നിട്ട് കൊടുക്കാൻ മന്ത്രി തുനിയരുതായിരുന്നു. ഒരു കുഴി മൂടുമ്പോഴേക്കും അടുത്ത കുഴി എടുക്കുന്ന രൂപത്തിൽ സെൻസിറ്റീവായ വിഷയങ്ങൾ തെരഞ്ഞുപിടിച്ച് പറയുന്നത് ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്നവർക്ക് യോജിച്ചതല്ല.

ഉത്തരേന്ത്യയിൽ മസിൽ പവറുകൊണ്ട് ആരാധനകളും ആരാധനാകേന്ദ്രങ്ങളും നിയന്ത്രിക്കപ്പെടുമ്പോൾ, കേരളത്തിൽ വിവാദങ്ങൾക്ക് തിരികൊളുത്തി ചാനൽ ചർച്ചയിൽ വേവിച്ച് വർഗീയ വാദികൾക്ക് വിളമ്പാൻ പാകത്തിൽ ഒന്നിനു പിറകെ മറ്റൊന്നായി ഉന്നത സ്ഥാനങ്ങൾ വഹിക്കുന്നവർ തന്നെ വിഷയങ്ങളെ എറിഞ്ഞ് കൊടുക്കുന്ന പ്രവണത ഈയിടെയായി വർധിച്ചുവരികയാണ്. എത്രയും പെട്ടെന്ന് ഈ രീതി ബന്ധപ്പെട്ടവർ അവസാനിപ്പിക്കേണ്ടതുണ്ട്.

സൗദിയിൽ ചെന്നപ്പോൾ ഭയങ്കര തീവ്രവാദികളാകും അവിടെയെന്ന് കരുതിയെന്നും അദ്ദേഹം വിശദീകരിക്കുന്നതിലൂടെ കേരളത്തിലെ ഒരു മന്ത്രിയുടെ പോലും



നമ്മുടെ രാജ്യത്തെ കോടതികൾ 33

# അന്വേഷണത്തെ സഹായിക്കുന്ന അടയാളങ്ങൾ

**അബൂ ആദം അയ്മൻ**

**പോസ്റ്റ്മോർട്ടം റിപ്പോർട്ട്**

സംശയാസ്പദ മരണങ്ങളിൽ മരണകാരണം കണ്ടുപിടിക്കുന്നതിനു വേണ്ടി, സിവിൽ സർജനോ ഫോറൻസിക് മെഡിസിൻ വിഭാഗത്തിലെ പൊലീസ് സർജനോ മൃതദേഹം ശസ്ത്രക്രിയചെയ്തോ അല്ലാതെയോ പരിശോധിച്ച് തയ്യാറാക്കുന്നതായ റിപ്പോർട്ട് (Postmortem Report) തെളിവായി കോടതി സ്വീകരിക്കുന്നതാണ്.

**വിരലടയാളം**

വിരലടയാളം (Finger-Print) അടിസ്ഥാനമാക്കി കുറ്റവാളിയെ തിരിച്ചറിയുന്നതായ പ്രക്രിയയാണ് ഫിംഗർ പ്രിന്റിംഗ്. ബ്രിട്ടീഷ് മാനവവംശശാസ്ത്രജ്ഞനായ സർ ഫ്രാൻസിസ് ഗാൾട്ടൺ ആണ് 1881 കളിൽ ഈ പ്രക്രിയ വികസിപ്പിച്ചെടുത്തത്. ആളെ തരിച്ചറിയുന്നതിന് ഏറ്റവും ആശ്രയിക്കാവുന്ന ഒരു തെളിവാണ് അയാളുടെ വിരലടയാളം. ഒരാളുടെ വിരലടയാളം എപ്പോഴും മറ്റൊരാളുടേതിൽനിന്ന് വിഭിന്നമായിരിക്കുമെന്നതാണ് ഇതിനു കാരണം. മാത്രമല്ല, ഒരാളുടെ കൈവിരലുകളുടെ അഗ്രഭാഗത്തെ അകവശത്തുള്ള തൊലിയുടെ ചുളിവുപാടുകൾ

ക്ക്, ശസ്ത്രക്രിയയോ പരുക്കോ രോഗമോ മൂലമല്ലാതെ ജീവതകാലത്ത് മാറ്റം സംഭവിക്കുകയില്ലെന്നതിനാൽ, സാധാരണഗതിയിൽ അയാളുടെ ആയുഷ്കാലമത്രയും വിരലടയാളത്തിന് മാറ്റമൊന്നുമുണ്ടാകുന്നതല്ല. കുറ്റാന്വേഷണ ഉദ്യോഗസ്ഥർ കുറ്റകൃത്യസ്ഥലത്തുനിന്ന് ലഭിക്കുന്ന വിരലടയാളങ്ങൾ കുറ്റവാളികളെ കണ്ടുപിടിക്കാൻ ഫലപ്രദമായി ഉപയോഗപ്പെടുത്തിപ്പോരുന്നുണ്ട്. കൂടാതെ പൊലീസ് സ്റ്റേഷനുകളിൽ കുറ്റവാളികളുടെ വിരലടയാളങ്ങൾ സൂക്ഷിച്ചുപോരുകയും ചെയ്യുന്നു. അവിടെ സൂക്ഷിച്ചിരിക്കുന്ന ഒരു വിരലടയാളത്തിൽനിന്ന് വിഭിന്നമല്ലാത്തതായ ഒരു വിരലടയാളം ഒരു കുറ്റകൃത്യസ്ഥലത്തുനിന്നോ ബന്ധപ്പെട്ട മറ്റൊരു സ്ഥലത്തുനിന്നോ ലഭിക്കുന്നതായാൽ കോടതി അത് ശക്തമായ തെളിവായി സ്വീകരിക്കുന്നതാണ്.

**കാൽപാദാടയാളം**

കാൽപാദാടയാളം പാദത്തിന്റെ അടിഭാഗത്തെ തൊലിയുടെ ചുളിവുപാടുകളുടെ പകർപ്പാണ്. കൈവിരലടയാളം പോലെത്തന്നെ ഒരാളുടെ കാൽപാദാടയാളവും (Foot-Print)എപ്പോഴും മറ്റൊരാളുടെതിൽനിന്ന് വിഭിന്നമായിരിക്കും. കാൽപാദാടയാളം അടിസ്ഥാനമാക്കി കുറ്റവാളിയെ തിരിച്ചറിയുന്ന പ്രക്രിയയായ ഫൂട്ട് പ്രിന്റിംഗ് കുറ്റവാളികളെ കണ്ടുപിടിക്കാൻ പല രാജ്യങ്ങളിലും കുറ്റാന്വേഷണ ഉദ്യോഗസ്ഥന്മാർ ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും ഇന്ത്യൻ തെളിവുനിയമം കാൽപാദാടയാളം ഖണ്ഡിതമായ തെളിവായി അംഗീകരിക്കുന്നില്ല.

**ബുള്ളറ്റ് ഫിംഗർ പ്രിന്റിംഗ്**

ബുള്ളറ്റ് ഫിംഗർ പ്രിന്റിംഗ് (Bullet Finger Printing) തോക്കിൽനിന്നും തൊടുത്തുവിടുന്ന വെടിയുണ്ടകളിലുണ്ടാകുന്ന പോറലുകളെ അടിസ്ഥാനമാക്കി വെടിവയ്ക്കാൻ കുറ്റവാളി ഉപയോഗിച്ച തോക്ക് തിരിച്ചറിയുന്നതായ പ്രക്രിയയാണ്. ഒരു തോക്കിൽനിന്നും പായിച്ച വെടിയുണ്ടയിലെ പോറലു കൾ മറ്റൊരു തോക്കിൽനിന്നും പായിക്കുന്ന വെടിയുണ്ടയിലെ പോറലുകളിൽനിന്ന് എപ്പോഴും വിഭിന്നമായിരിക്കുമെന്ന വസ്തുതയാണ് ഈ പ്രക്രിയയിൽ ബാലിസ്റ്റിക്സ് വിദഗ്ധർ പ്രയോജനപ്പെടുത്തുന്നത്.

കുറ്റകൃത്യ സ്ഥലത്തുനിന്ന് കണ്ടെടുത്തതോ ശരീരത്തിൽനിന്നോ മൃതദേഹത്തിൽനിന്നോ വീണ്ടെടുത്തതോ ആയ വെടിയുണ്ടയിലെ പോറലുകളും, കുറ്റവാളിയെന്നു സംശയിക്കപ്പെടുന്നയാളുടെ തോക്ക് ഉപയോഗിച്ച് പരീക്ഷണാർഥം വെടിവച്ചപ്പോൾ വെടിയുണ്ടയിലുണ്ടായ പോറലുകളും മൈക്രോസ്കോപ്പിലൂടെ നോക്കി നടത്തുന്ന സൂക്ഷ്മമായ താരതമ്യപഠനത്തിൽ, ആദ്യത്തേതിനു സമാനമായ പോറലുകളാണ് രണ്ടാമത്തേതിലുമെന്ന് കണ്ടെത്തുന്നതായാൽ, ആ തോക്കുതന്നെയാണ് കുറ്റവാളി വെടിവയ്ക്കാൻ ഉപയോഗിച്ചതെന്ന് തീരുമാനിക്കാനാവുന്നതാണ്.

വെടിവയ്ക്കുമ്പോൾ തോക്കിന്റെ ഫയറിംഗ് പിൻ തുടങ്ങിയ ഭാഗങ്ങൾ കാർട്രിജ് കെയ്സിൽ പാടുകൾ വീഴ്ത്തുന്നുണ്ട്. ഒരു തോക്കിൽനിന്ന് ഇപ്രകാരം വീഴ്ത്തപ്പെടുന്ന പാടുകൾ മറ്റൊരു തോക്കിൽനിന്ന് വീഴ്ത്തപ്പെടുന്ന പാടുകളിൽനിന്ന് എപ്പോഴും വിഭിന്നമായിരിക്കും. കുറ്റകൃത്യ സ്ഥലത്തുനിന്ന് കണ്ടെടുത്ത കാർട്രിജിലെ പാടുകളും, കുറ്റവാളിയെന്ന് സംശയിക്കപ്പെടുന്നയാളുടെ തോക്ക് ഉപയോഗിച്ച് പരീക്ഷണാർഥം വെടിവച്ചപ്പോൾ കാർട്രിജിലുണ്ടായ പാടുകളും സമാനങ്ങളാണെന്ന് മേൽപറഞ്ഞ പ്രകാരം നടത്തുന്ന താരതമ്യപഠനത്തിൽ കണ്ടെത്തുന്നതായാലും, ആ തോക്കുതന്നെയാണ് കുറ്റവാളി വെടിവയ്ക്കാൻ ഉപയോഗിച്ചതെന്ന് തീരുമാനിക്കാവുന്നതാണ്. കൂടാതെ ശരീരത്തിൽ വെടിയുണ്ട തുളച്ചുകയറിയുണ്ടായ മുറിവിനു ചുറ്റുമായി പറ്റിപ്പിടിച്ചിരിക്കുന്ന കാരീയനിക്ഷേപം അടിസ്ഥാനപ്പെടുത്തി. അക്രമി എന്തകലത്തിൽനിന്നാണ് വെടിവച്ചതെന്ന് കണക്കാക്കിയെടുക്കുന്നതിനും ബാലിസ്റ്റിക്സ് വിദഗ്ധർക്ക് കഴിയുന്നതാണ്.

**മൊബൈലും സിംകാർഡും**

മൊബൈൽ ഫോൺ ഉടമയെ തിരിച്ചറിയുന്നതിനുള്ള ഇലക്ട്രോണിക് ഉപകരണമെന്ന നിലയിൽ, ആ ഫോണിൽ നിക്ഷേപിക്കുന്ന അയാളുടെ ഫോൺ നമ്പർ രേഖപ്പെടുത്തിയിട്ടുള്ള മെമ്മറി ചിപ്പ് ആണ് സിംകാർഡ് (sim card). ഈ ഫോണിലേക്ക് വരുന്നതും ഇതിൽനിന്ന് പോകുന്നതുമായ കോളുകൾ സംബന്ധിക്കുന്ന വിവരങ്ങൾ സിംകാർഡിൽ രേഖപ്പെടുത്തിയിരിക്കും. അതിനാൽ കുറ്റവാളിയെ പിടികൂടുന്ന കാര്യത്തിൽ, കുറ്റവാളിയെന്നു സംശയിക്കപ്പെടുന്നയാളുടെ പക്കൽനിന്നോ കുറ്റകൃത്യവുമായി ബന്ധപ്പെട്ട സ്ഥലത്തുനിന്നോ ലഭിക്കുന്ന മൊബൈൽ ഫോണോ സിംകാർഡോ കുറ്റാന്വേഷിക്ക് വളരെയേറെ സഹായകമായിരിക്കുന്നതാണ്.

*(അവലംബം)*

# മരണാനന്തര ജീവിതം
# സത്യമോ മിഥ്യയോ?

**മുബാറക് ബിൻ ഉമർ**
: 95391 14860

**ആഗ്രഹഫലമായി ഭൂമിയിൽ പിറന്നുവീണവനല്ല മനുഷ്യൻ. ആഗ്രഹിച്ച സമയത്ത് സ്വാഭാവിക മരണം വന്നെത്തുമെന്ന് പ്രതീക്ഷിക്കാനും വയ്യ! ജീവിച്ചിരുന്ന കാലമത്രയും ആഗ്രഹിച്ച പോലെ നടക്കാൻ കഴിഞ്ഞൂവെന്ന് അവകാശപ്പെടാൻ ഒരാൾക്കും സാധ്യമല്ലതാനും! അപ്പോൾപിന്നെ മരണാനന്തരമെങ്കിലും അതിന്റെ പൂർത്തീകരണം സാധിതമാകേണ്ടേ? മരണാനന്തരജീവിതത്തെ കുറിച്ചുള്ള ഇസ്‌ലാമിക അധ്യാപനങ്ങൾ അതിലേക്കാണ് വെളിച്ചം വീശുന്നത്.**

മനുഷ്യൻ ആഗ്രഹിച്ചിട്ടല്ല ഇവിടെ ജന്മംകൊണ്ടത്. തന്റെ നിറം, സൗന്ദര്യം, ആരോഗ്യം, ദാരിദ്ര്യം, സമ്പന്നത, കഴിവുകൾ, അറിവുകൾ തുടങ്ങിയവയൊന്നും മനുഷ്യന്റെ നിയന്ത്രണത്തിലല്ല. പലതും അധ്വാനം കൊണ്ട് കുറെയൊക്കെ നേടിയെടുക്കാമെന്ന് അവൻ കരുതുന്നു. 2000 കോടി വർഷമാണ് ഈ പ്രപഞ്ചത്തിന്റെ ആയുസ്സ് എന്നാണ് പറയപ്പെടുന്നത്. അതുവച്ച് നോക്കുമ്പോൾ മനുഷ്യന്റെ ശരാശരി ആയുസ്സായ 70-100 വർഷങ്ങൾ അതിനിസ്സാരമാണ്.

വാർധക്യം കടന്നുവരുന്നത് നിസ്സഹായനായി നോക്കിനിൽക്കാനേ ആരോഗ്യവാനായ ഡോക്ടർക്കു പോലും സാധിക്കുകയുള്ളൂ. ചർമം ചുളിയുക, കണ്ണുകൾക്ക് തിമിരം ബാധിക്കുക, കശേരുക്കൾക്കിടയിലെ ദ്രവപദാർഥം വറ്റുന്നതുമൂലം ഉയരം കുറയുക, കാത്സ്യം കൂടുന്നതിനാൽ തൂക്കം വർധിക്കുക, മുടി നരക്കുക, പുരികങ്ങളുടെ നീളം കൂടുക, ശക്തി ക്ഷയിക്കുക, നഖങ്ങളുടെ വളർച്ച കുറയുക, ഊർജസ്വലത കുറയുക, തലകൂർത്തുവരിക, സംസാരശേഷി കുറയുക, പ്രതികരണങ്ങളിൽ അമാന്തമുണ്ടാകുക, പല്ലുകൾ ക്ഷയിക്കുക, ഹൃദയപേശികളുടെ ശക്തി കുറയുക, വൃക്കകളുടെ പ്രവർത്തനം തകരാറിലാകുക, ലൈംഗികശേഷി ക്ഷയിക്കുക... ഇവയൊക്കെ വാർധക്യത്തിന്റെ ലക്ഷണങ്ങളായി വൈദ്യശാസ്ത്രം കാണുന്നു. ഇവ നേരെയാക്കി പൂർണതയിലെത്തിക്കാൻ മനുഷ്യന് സാധ്യമല്ല.

കോശപഠന ശാസ്ത്രപ്രകാരം (CYTOLOGY) ശരീരത്തിൽ $26x15^{15}$കോശ



ങ്ങൾ ഉണ്ട്. ഇവ നിരന്തരം നശിക്കുകയും പുനർനിർമിക്കപ്പെടുകയും ചെയ്യുന്നു. പ്രായം കൂടുംതോറും ഈ പുനർനിർമാണത്തിന്റെ വേഗം കുറയുന്നു. അതോടൊപ്പം ജനിതകഗുണങ്ങളും (GENETIC QUALITIES) നശിക്കുന്നു. ഒടുവിൽ കോശങ്ങളുടെ പുനർനിർമാണം പാടെ നിലച്ചു പോകുന്നു. അങ്ങനെ മരണത്തിലെത്തുന്നു. വാർധക്യത്തെ നേരിടാനാകാതെ, രോഗങ്ങൾക്ക് മുൻപിൽ നിസ്സഹായനായി, എല്ലാനിലയ്ക്കും ബലഹീനനായി അവൻ മരണത്തിനു മുന്നിൽ കീഴടങ്ങുന്നു. മനുഷ്യന്റെ ഏറ്റവും വലിയ ഭയം മരണത്തെപ്പറ്റിയുള്ളതാണെന്നതിൽ ആർക്കും ഒരു സംശയവും ഉണ്ടാകില്ല.

**മരണത്തിനു മുൻപിൽ**

കൂട്ടുകുടുംബങ്ങൾക്കിടയിൽനിന്ന്, സ്വത്തുക്കൾക്കും സ്ഥാനമാനങ്ങൾക്കിടയിൽനിന്ന് താൻ പെട്ടെന്നങ്ങോട്ട് ഇല്ലാതാകുന്നത് അവന് ചിന്തിക്കാനാകില്ല. തിന്മയിൽ ജീവിച്ചവനും നന്മയിൽ ജീവിച്ചവനും താൻ മരിച്ചുപോകുന്നത് ഭയാനകമായിത്തന്നെയാണ് തോന്നുക. മഹാന്മാരെന്നും പ്രതിഭാശാലികളെന്നും ചരിത്രത്തിൽ അറിയപ്പെട്ടവർ പോലും മരണമെന്ന മഹാസത്യത്തിനു മുൻപിൽ ചൂളിപ്പോയതായി കാണാം. ഏറ്റവും വലിയ ദാർശനികനെന്നറിയപ്പെട്ട സോക്രട്ടീസ് മരണത്തെ സ്വാഗതം ചെയ്തുവെങ്കിലും വിഷദ്രാവകം കഴിച്ചത് കടുത്ത സമ്മർദത്തോടുകൂടിയായിരുന്നു. (വിഷം കഴിക്കണമെന്നായിരുന്നു ശിക്ഷ വിധിച്ചത്). ഏകദൈവ വിശ്വാസിയായിരുന്ന അദ്ദേഹം ജനങ്ങളുടെ എതിർപ്പ് വകവച്ചില്ല. മരണത്തിന് തന്നെ നശിപ്പിക്കാനാകില്ല എന്ന് തുറന്നു പറഞ്ഞ അദ്ദേഹം പരലോകത്തേക്കുള്ള തന്റെ യാത്ര സുഖകരമാക്കണേ എന്ന് പ്രാർഥിച്ചുകൊണ്ട് വിഷപ്പാത്രം ചുണ്ടോടടുപ്പിച്ചുവത്രെ. വധശിക്ഷക്ക് വിധിക്കപ്പെട്ട മുൻ പാകിസ്ഥാൻ പ്രസിഡന്റ് സുൽഫിക്കർ അലി ഭൂട്ടോ തന്റെ IF IAM ASSASINATEDഎന്ന ഗ്രന്ഥത്തിലൂടെ മഹാധീരനെന്നു ലോകത്തെ അറിയിക്കുകയുണ്ടായി. പക്ഷേ, നിലവിളിച്ചും അലറിക്കരഞ്ഞുമാണ് ഭൂട്ടോ തൂക്കുമരത്തിലേക്ക് വലിച്ചിഴക്കപ്പെട്ടത് എന്നാണ് റിപ്പോർട്ടുകൾ വന്നത്. ലോകം മുഴുവൻ ഇപ്പോഴും ഉയർത്തിക്കാട്ടുന്ന തെക്കെ അമേരിക്കൻ കമ്യൂണിസ്റ്റ് ഗറില്ലാ യുദ്ധ വിപ്ലവകാരി

**കൂട്ടുകുടുംബങ്ങൾക്കിടയിൽ നിന്ന്, സ്വത്തുക്കൾക്കും സ്ഥാനമാനങ്ങൾക്കിടയിൽനിന്ന് താൻ പെട്ടെന്നങ്ങോട്ട് ഇല്ലാതാകുന്നത് അവന് ചിന്തിക്കാനാകില്ല. തിന്മയിൽ ജീവിച്ചവനും നന്മയിൽ ജീവിച്ചവനും താൻ മരിച്ചുപോകുന്നത് ഭയാനകമായിത്തന്നെയാണ് തോന്നുക. മഹാന്മാരെന്നും പ്രതിഭാശാലികളെന്നും ചരിത്രത്തിൽ അറിയപ്പെട്ടവർ പോലും മരണമെന്ന മഹാസത്യത്തിനു മുൻപിൽ ചൂളിപ്പോയതായി കാണാം.**

യായിരുന്ന ചെഗുവേര മരണഭയം കാരണമായി കടുത്ത മാനസിക സമ്മർദം സഹിക്കാനാവാതെ തന്റെ തുടയിൽ സ്വയം വെടിവെച്ചുവെന്നാണ് ചരിത്രം പറയുന്നത്.

മരണത്തെ അതിജീവിക്കാൻ മനുഷ്യൻ പല ശ്രമങ്ങളും നടത്തിയതായി ചരിത്രത്തിൽ കാണാം. വിവിധ ജനസമൂഹങ്ങളിൽ പല തരത്തിലുള്ള ആചാരങ്ങൾ നിലനിന്നിരുന്നു. മരണസമയത്ത് ആഡംബര പൂർണമായ ഒരു യാത്രയയപ്പ് ഈ ലോകത്തുനിന്നും ലഭിച്ചിരിക്കണം എന്നായിരുന്നു ഈജിപ്തുകാരുടെ വിശ്വാസം. വസ്ത്രങ്ങൾ, വിലയേറിയ ആഭരണങ്ങൾ, ഫർണിച്ചർ സാധനങ്ങൾ, മതഗ്രന്ഥങ്ങൾ, രുചിയേറിയ ആഹാരപദാർഥങ്ങൾ എന്നിവയോടോപ്പം ശവശരീരങ്ങൾ സൂക്ഷിക്കപ്പെട്ടാലേ സൂര്യദേവനായ 'റാ'യുടെ തിരുസന്നിധിയിൽ ആദരിക്കപ്പെടുകയുള്ളൂ എന്ന് വിശ്വസിക്കപ്പെട്ടിരുന്നു. അതിനായി മൃതശരീരം എംബാം ചെയ്ത് അവയുടെ മേൽ ഫറോവമാർക്കുവേണ്ടി ഈജിപ്തുകാർ വമ്പൻ പിരമിഡുകൾ പണിതുയർത്തി. ഇത്തരത്തിൽ പല വിചിത്രങ്ങളായ ആചാരങ്ങളും വിശ്വാസങ്ങളും വിവിധ സമൂഹങ്ങളിൽ നിലനിന്നിരുന്നു. ഉടലോടെ ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നുള്ള വിശ്വാസത്തിലായിരുന്നു അവർ. ഭാവിയിൽ മരണത്തെ അതിജയിക്കുവാൻ ശാസ്ത്രത്തിനു കഴിഞ്ഞാൽ, ശവശരീരങ്ങളെ പുനർജീവിപ്പിക്കാനെങ്ങാനും സാധ്യമായാൽ, തങ്ങൾക്ക് ജീവിതത്തിലേക്ക് തിരിച്ചുവരാമെന്ന പ്രതീക്ഷയിൽ അമേരിക്കയിലെ ചില അതിസമ്പന്നർമാർ തങ്ങളുടെ ശരീരങ്ങൾ ശീതീകരിച്ച (CRYOGENICALLY COOLED) അവസ്ഥയിൽ സൂക്ഷിച്ചുവയ്ക്കാൻ വസ്വിയ്യത്ത് ചെയ്യാറുണ്ട്. ഈശ്വരനും മതവും പരലോകവുമില്ലാത്ത കമ്യൂണിസ്റ്റുകൾ ലെനിൻ, കിം ഇൽ സുംഗ്, മാവോ സേ തുംഗ് തുടങ്ങിയവരുടെ ശരീരങ്ങൾ

**മരണപ്പെടാൻ പോകുന്നയാൾ, തനിക്ക് പ്രിയപ്പെട്ടതെല്ലാം നഷ്ടപ്പെടുമല്ലോ എന്നാലോചിച്ച് അതികഠിനമായ ദുഖവും നിരാശയും ബാധിച്ചുകൊണ്ട് മരണത്തെപ്പറ്റിയുള്ള ഭയപ്പാടിൽ ശാരീരികമായും മാനസികമായും രക്ഷപ്പെടാനു ള്ള മാർഗങ്ങൾ അന്വേഷിക്കുമെന്നും അവരുടെ പഠനങ്ങൾ കണ്ടെത്തി. ആ സന്ദിഗ്ധ ഘട്ടത്തിൽ ജീവിതത്തെ സംബന്ധിച്ച് ഒരവലോകനം നടത്തുമെന്നതാണ് മറ്റൊന്ന്. അങ്ങേയറ്റം വൈകാരിക തീക്ഷ്ണത അനുഭവിക്കുന്ന സവിശേഷ സന്ദർഭത്തിൽ താൻ ജീവിതത്തിൽ ചെയ്ത നന്മകളെയും തിന്മകളെയും അവൻ തൂക്കിനോക്കും. എല്ലാറ്റിനുമൊടുവിൽ താനെന്ന യാഥാർഥ്യം ഇല്ലാതായി പോകുകയാണല്ലോ എന്ന് മനസ്സിലാക്കി മരണമെന്ന മഹാസത്യത്തിനു മുന്നിൽ കീഴടങ്ങുന്നു.**

വമ്പൻ തുക ചെലവാക്കി സൂക്ഷിച്ചുവരുന്നതും ലോകം കണ്ടതാണ്. മരണത്തെ മറികടക്കാനുള്ള അപഹാസ്യമായ പല ശ്രമങ്ങളും മനുഷ്യൻ നടത്തുന്നു.

മരിക്കുമ്പോഴത്തെ അനുഭവങ്ങൾ എന്താണ്, മരണശേഷം എന്താണ് സംഭവിക്കുന്നത് എന്നൊക്കെ അറിയാൻ പാരാസൈക്കോളജിയിൽ ഗവേഷണ പഠനങ്ങൾ ആരംഭിച്ചിട്ട് കുറെ കാലമായി. മരണത്തെ മുഖാമുഖം കണ്ട് അത്ഭുതകരമായി ജീവിതത്തിലേക്ക് തിരിച്ചുവന്നവരിലൂടെയാണ് പഠനങ്ങൾ നടന്നത്. മരണപ്പെടാൻ പോകുന്നയാൾ, തനിക്ക് പ്രിയപ്പെട്ടതെല്ലാം നഷ്ടപ്പെടുമല്ലോ എന്നാലോചിച്ച് അതികഠിനമായ ദുഖവും നിരാശയും ബാധിച്ചുകൊണ്ട് മരണത്തെപ്പറ്റിയുള്ള ഭയപ്പാടിൽ ശാരീരികമായും മാനസികമായും രക്ഷപ്പെടാനുള്ള മാർഗങ്ങൾ അന്വേഷിക്കുമെന്നും അവരുടെ പഠനങ്ങൾ കണ്ടെത്തി. ആ സന്ദിഗ്ധ ഘട്ടത്തിൽ ജീവിതത്തെ സംബന്ധിച്ച് ഒരവലോകനം നടത്തുമെന്നതാണ് മറ്റൊന്ന്. അങ്ങേയറ്റം വൈകാരിക തീക്ഷ്ണത അനുഭവിക്കുന്ന സവിശേഷ സന്ദർഭത്തിൽ താൻ ജീവിതത്തിൽ ചെയ്ത നന്മകളെയും തിന്മകളെയും അവൻ തൂക്കിനോക്കും. എല്ലാറ്റിനുമൊടുവിൽ താനെന്ന യാഥാർഥ്യം ഇല്ലാതായി പോകുകയാണല്ലോ എന്ന് മനസ്സിലാക്കി മരണമെന്ന മഹാസത്യത്തി



നു മുന്നിൽ കീഴടങ്ങുന്നു.

**ഉറക്കവും മരണവും**

ഉറക്കിനെ മരണത്തോട് താരതമ്യം ചെയ്യുന്നുണ്ട് ഖുർആൻ: 'രാത്രിയിൽ നിങ്ങളെ പൂർണമായി ഏറ്റെടുക്കുന്നവൻ അവനത്രെ' എന്ന് ഖുർആൻ (അൽഅൻആം 60) ഉറക്കിനെപ്പറ്റി വ്യക്തമാക്കുന്നു.

"ആത്മാക്കളെ അവയുടെ മരണവേളയിൽ അല്ലാഹു പൂർണമായി ഏറ്റെടുക്കുന്നു. മരണപ്പെടാത്തവയെ അവയുടെ ഉറക്കത്തിലും. എന്നിട്ട് എതൊന്നിന് അവൻ മരണം വിധിച്ചിരിക്കുന്നുവോ അവയെ അവൻ പിടിച്ചുവയ്ക്കുന്നു. മറ്റുള്ളവയെ ഒരവധിവരെ അവൻ വിട്ടയക്കുകയും ചെയ്യുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ ദൃഷ്ടാന്തമുണ്ട്"(അസ്സുമർ 42).

ശരീരം, ജീവൻ, മനസ്സ്, ആത്മാവ് ഇവയെല്ലാം ഉൾകൊണ്ടതാണ് മനുഷ്യൻ. (മതവിശ്വാസികൾ ആത്മാവിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നു. ദൈവനിഷേധികൾ ആത്മാവിനെ നിഷേധിക്കുന്നവരാണ്. ആത്മാവിന്റെ വിശദാംശങ്ങൾ മനുഷ്യർക്ക് അജ്ഞാതമാണ്). മരണവേളയിൽ ആത്മാവിനെ ഏറ്റെടുക്കുന്നതുപോലെ ഉറങ്ങുന്ന നേരത്തും ആത്മാവിനെ ഏറ്റെടുക്കുന്നു എന്നാണ് ഖുർആൻ വ്യക്തമാക്കിയത്. എന്നാൽ ശരീരത്തിലെ മിക്കവാറും എല്ലാ പ്രവർത്തനങ്ങളും വലിയ തടസ്സമൊന്നുമില്ലാതെ നടക്കുന്നുണ്ട്. ഉറക്കം താൽക്കാലികമായ മരണമാണെന്നർഥം. അസ്ഥി, പേശി, നാഡി, ദഹന, ശ്വസന, ചംക്രമണ, അന്തസ്രാവ, മൂത്ര, പ്രത്യുല്പാദന വ്യവസ്ഥകൾക്കൊന്നും ഉറക്കത്തിൽ കുഴപ്പമില്ല. ഉറക്കത്തിൽ എന്താണ് സംഭവിക്കുന്നത്? എന്താണ് ബോധം? അത് എങ്ങനെയാണ് മറയുന്നത്? സ്വപ്നം കാണുന്നതെങ്ങനെ? ഇത്തരം ചോദ്യങ്ങൾക്ക് കൃത്യമായ മറുപടികൾ ലഭിക്കുന്നില്ല. ന്യൂറോളജിസ്റ്റുകളുടെ നിഗമനം മസ്തിഷ്കത്തിലെ PINEAL GLANDൽ നിന്നും പുറപ്പെടുന്ന MELATONIN എന്ന ഹോർമോൺ RETIEULAR FORMATIONഎന്ന ഭാഗത്തെ താൽക്കാലികമായി തളർത്തുമ്പോഴാണ് ഉറക്കം വരുന്നത്. ഉറക്കത്തിനു നാല് ഘട്ടങ്ങളുണ്ട് എന്നും അവർ പറയുന്നു. മസ്തിഷ്കത്തിനകത്തെ BIOLOGICAL CLOCK നെ കുറിച്ച് നമുക്ക് കാര്യമായൊന്നും അറിവില്ല.



**മരണവേളയിൽ ആത്മാവിനെ ഏറ്റെടുക്കുന്നതുപോലെ ഉറങ്ങുന്ന നേരത്തും ആത്മാവിനെ ഏറ്റെടുക്കുന്നു എന്നാണ് ഖുർആൻ വ്യക്തമാക്കിയത്. എന്നാൽ ശരീരത്തിലെ മിക്കവാറും എല്ലാ പ്രവർത്തനങ്ങളും വലിയ തടസ്സമൊന്നുമില്ലാതെ നടക്കുന്നുണ്ട്. ഉറക്കം താൽക്കാലികമായ മരണമാണെന്നർഥം. അസ്ഥി, പേശി, നാഡി, ദഹന, ശ്വസന, ചംക്രമണ, അന്തസ്രാവ, മൂത്ര, പ്രത്യുല്പാദന വ്യവസ്ഥകൾക്കൊന്നും ഉറക്കത്തിൽ കുഴപ്പമില്ല. ഉറക്കത്തിൽ എന്താണ് സംഭവിക്കുന്നത്? എന്താണ് ബോധം? അത് എങ്ങനെയാണ് മറയുന്നത്? സ്വപ്നം കാണുന്നതെങ്ങനെ? ഇത്തരം ചോദ്യങ്ങൾക്ക് കൃത്യമായ മറുപടികൾ ലഭിക്കുന്നില്ല.**

**എന്താണ് സ്വപ്നം?**

സ്വപ്നം മറ്റൊരു അത്ഭുത പ്രതിഭാസമാണ്. സ്വപ്നത്തിൽ കാണുന്ന സംഗതികൾ നാം അനുഭവിക്കുക തന്നെയാണ്. സ്വപ്നത്തിൽ കണ്ണുകളോ റെറ്റിനയോ ഇല്ലാതെ നാം കാണുന്നു. ചെവിയോ ഇയർ ഡ്രമ്മോ ഇല്ലാതെ നാം കേൾക്കുന്നു. മൂക്കില്ലാതെ നാം മണമനുഭവിക്കുന്നു. നാവില്ലാതെ നാം രുചിയറിയുന്നു, സ്പർശനമറിയുന്നു. സ്വപ്നത്തിൽ കണ്ട കാഴ്ചകളും കേട്ട കാര്യങ്ങളും പലതും പിറ്റേന്ന് ഓർമിച്ചെടുക്കാൻ കഴിയുന്നു. യഥാർഥത്തിൽ ഉള്ളതാണ് എന്ന് തോന്നിക്കുന്ന വിധത്തിൽ സ്വപ്നത്തിൽ നാം അവയൊക്കെ അനുഭവിക്കുകയാണ്. തലച്ചോർ പ്രവർത്തിക്കുന്നുണ്ട് എന്നർഥം. എന്താണ് സ്വപ്നം? എന്താണ് സ്വപ്നത്തിൽ അപ്പോൾ സംഭവിക്കുന്നത്? കൃത്യമായി നമുക്കറിഞ്ഞുകൂടാ!

സ്രഷ്ടാവിന്റെ സങ്കീർണവും സൂക്ഷ്മവും അത്ഭുതകരവുമായ സൃഷ്ടിമാഹാത്മ്യത്തിനുള്ള ദൃഷ്ടാന്തമായി ഉറക്കിനെയും സ്വപ്നത്തെയും വിശ്വാസികൾ കാണുന്നു. ഖുർആനിന്റെ കാഴ്ചപ്പാട് അങ്ങനെയാണ്. ഉറക്കത്തിൽ മരണപ്പെടുന്നവരുണ്ട്. എങ്കിലും

> **മരണശേഷം ഒരു ജീവിതമുണ്ട്. മരണാനന്തര ജീവിതമാണ് യഥാർഥ ജീവിതം എന്നാണ് ഇസ്‌ലാമിന്റെ അധ്യാപനം. ഭൗതികജീവിതം തീർത്തും താൽക്കാലികമാണ്, പെട്ടെന്നവസാനിക്കുന്നതാണ്. പരലോകജീവിതം ശാശ്വതമാണ്. അഥവാ അവസാനമില്ലാത്തത്. ഇഹലോകത്ത് തമാശയും കളിയും വിനോദവുമായി കഴിയുന്നതിനിടക്ക് മരണം വന്നെത്തും.**

താൽകാലിക മരണമായ ഉറക്കിൽ നിന്നും ഉണരാതിരുന്നാലോ എന്ന് പൊതുവിൽ ആശങ്കപ്പെടാറില്ല. കാഫ്ക എന്ന യുറോപ്യൻ ചിന്തകൻ തന്റെ ശരീരത്തിൽനിന്നും വിട്ടകലുന്ന ആത്മാവ് ഉറക്കത്തിനുശേഷം തിരിച്ചുവന്നില്ലെങ്കിലോ എന്ന ഭയത്താൽ ഉറങ്ങാതെ കഴിച്ചുകൂട്ടിയിരുന്നു പോൽ! മരിക്കുമ്പോൾ ആത്മാവ് (ഖുർആനിന്റെ ഭാഷയിൽ നഫ്സ്) പിരിഞ്ഞുപോകുന്നു. ശരീരം അധികം താമസിയാതെ ചീഞ്ഞളിയും. ദ്രവിച്ചു മണ്ണിൽ ലയിച്ച് ചേരും. എല്ലുകൾ പോലും കാലക്രമേണ നുരുമ്പി ഇല്ലാതെയാകും. അങ്ങനെ നുരുമ്പി മണ്ണിലില്ലാതെയായ ശേഷം വീണ്ടും ജീവിപ്പിക്കുന്നതെങ്ങനെ എന്ന് സത്യനിഷേധികൾ അത്ഭുതപ്പെട്ടതും നിഷേധിച്ചതും ഖുർആൻ ഒരുപാട് സ്ഥലങ്ങളിൽ എടുത്ത് കാണിച്ചതായി കാണാം. ആദ്യം ജീവിപ്പിച്ചവൻ രണ്ടാമതും ജീവിപ്പിക്കും എന്നാണു ഖുർആൻ നൽകുന്ന ഉത്തരം.

**പരലോക വിശ്വാസം**

ഇസ്‌ലാമിന്റെ അടിസ്ഥാന ശിലകൾ മൂന്നാണ്: തൗഹീദ് (ഏകദൈവാരാധന), ആഖിറത്ത് (മരണാനന്തര ജീവിതം), രിസാലത്ത് (ദിവ്യദൗത്യം).

അനന്തവിശാലമായ പ്രപഞ്ചവും മനുഷ്യനടക്കമുള്ള സകല ചരാചരങ്ങളുമെല്ലാം സൃഷ്ടിച്ച്, സംവിധാനിച്ച്, നിയന്ത്രിച്ച്, പരിപാലിക്കുന്ന ഏകനായ അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ എന്നാണു തൗഹീദ്കൊണ്ട് ഉദ്ദേശിക്കുന്നത്. സകലവിധ പ്രാർഥനകളും നേർച്ചയും വഴിപാടുകളും സുജൂദും അല്ലാഹുവിന്ന് മാത്രമെ സമർപ്പിക്കാൻ പാടുള്ളൂ.

സ്രഷ്ടാവ് മനുഷ്യരെ ഒന്നടങ്കം മരണശേഷം ഉയിർത്തെഴുന്നേൽപിക്കും. ജീവിതത്തിലെ കർമങ്ങളുടെ കൃത്യമായ വിചാരണ നടക്കും. കർമരേഖ ഹാജരാക്കപ്പെടും. നീതിപൂർവമുള്ള വിചാരണയുടെ അടിസ്ഥാനത്തിൽ കണക്ക് നോക്കി സ്വർഗമോ നരകമോ വിധിക്കപ്പെടും. ആഖിറത്ത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ഇതാണ്.

മരണാനന്തര ജീവിതത്തിൽ സ്വർഗം ലഭിക്കാൻ ഈ ജീവിതം എങ്ങനെ ക്രമപ്പെടുത്തണം? എന്താണ് പാപം? എന്താണ് പുണ്യം? ശരി, തെറ്റ്, ന്യായം, അന്യായം, നീതി, അനീതി... ഇതൊക്കെ എന്താണ്? അവ എങ്ങനെ വേർതിരിച്ചറിയും? എന്താണ് വിശ്വസിക്കേണ്ടത്? ആചരിക്കേണ്ടത്? അനുഷ്ഠിക്കേണ്ടത്? ഇത്യാദി കാര്യങ്ങൾ മനുഷ്യർക്ക് പഠിപ്പിച്ചുകൊടുക്കാൻ അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്. അവരിൽ അന്തിമൻ മുഹമ്മദ് നബി(സ്വ)യാണ്. പ്രവാചക ദൗത്യത്തിൽ വിശ്വസിച്ച് ആ അധ്യാപനങ്ങൽക്കനുസൃതമായി ജീവിതത്തെ ക്രമീകരിക്കുക. ഇതാണ് രിസാലത്തുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

മരണശേഷം ഒരു ജീവിതമുണ്ട്. മരണാനന്തര ജീവിതമാണ് യഥാർഥ ജീവിതം എന്നാണ് ഇസ്‌ലാമിന്റെ അധ്യാപനം. ഭൗതികജീവിതം തീർത്തും താൽക്കാലികമാണ്, പെട്ടെന്നവസാനിക്കുന്നതാണ്. പരലോകജീവിതം ശാശ്വതമാണ്. അഥവാ അവസാനമില്ലാത്തത്. ഇഹലോകത്ത് തമാശയും കളിയും വിനോദവുമായി കഴിയുന്നതിനിടക്ക് മരണം വന്നെത്തും. ഖുർആൻ വ്യക്തമാക്കുന്നത് കാണുക: "ഈ ഐഹികജീവിതം വിനോദവും കളിയുമല്ലാതെ മറ്റൊന്നുമല്ല. തീർച്ചയായും, പരലോകജീവിതം തന്നെയാണ് യഥാർഥ ജീവിതം, അവർ മനസ്സിലാക്കിയിരുന്നുവെങ്കിൽ!" (അൽഅൻകബൂത്ത് 64).

മനുഷ്യജീവിതത്തെ ഒന്ന് വിശകലനം ചെയ്ത് നോക്കുക. ശൈശവം, ബാല്യം, കൗമാരം എന്നീ ഘട്ടങ്ങൾക്ക് ശേഷം യൗവനത്തിലെത്തുമ്പോഴാണ് മനുഷ്യൻ തന്നെപ്പറ്റിയും ജീവിതത്തെപ്പറ്റിയും ഗൗരവമായി ആലോചിക്കുന്നത്. വിദ്യാഭ്യാസം കഴിഞ്ഞ് ജോലിക്കുവേണ്ടിയുള്ള നെട്ടോട്ടം, പിന്നെ വിവാഹം. ശേഷം മക്കൾ വീട് എന്നിവയിൽ



വ്യാപൃതനാകും. കച്ചവടം, കൃഷി, വ്യവസായം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നവർ വേറെ. കല, സ്പോർട്സ്, സാഹിത്യം, മീഡിയ, സിനിമ തുടങ്ങിയ രംഗങ്ങളൊക്കെ ഇന്ന് ജീവസന്ധാരണ മാർഗങ്ങളാണ്. പണം സമ്പാദിക്കാനുള്ള മാർഗങ്ങളിൽ സർവ കഴിവുകളുമുപയോഗിച്ചു മത്സരത്തിലെർപ്പെടുന്നവർ മറ്റെല്ലാം മറക്കും; മറ്റുള്ളവരുടെ മുമ്പിലെത്തണമെന്ന വാശിയിൽ. ആ വാശി ഒരു ലഹരിപോലെയായിത്തീരുന്നവരു മുണ്ട്. ജീവിതത്തിന്റെ ലക്ഷ്യത്തെപ്പറ്റി ചിന്തിക്കാതെ ഭൗതിക ലോകത്തിന്റെ പുറംമോടികളിൽ മയങ്ങി, അതിലെ ആസ്വാദനങ്ങളിൽ അഭിരമിച്ചു കഴിയുന്നവരെപ്പറ്റി ക്വുർആൻ ചൂണ്ടിക്കാണിക്കുന്നത് ഇപ്രകാരമാണ്:

"ഭൗതിക ജീവിതത്തിൽനിന്ന് പ്രത്യക്ഷമായത് അവർ അറിയുന്നു. പരലോകത്തെപ്പറ്റിയാകട്ടെ അവർ അശ്രദ്ധയിൽ തന്നെയാകുന്നു"(അർറൂം 7).

യഥാർഥ ജീവിതലക്ഷ്യം വിസ്മരിച്ച് ഭൗതിക കാര്യങ്ങളിൽ മാത്രം ഏർപ്പെട്ട് ജീവിക്കുന്നവരുടെ അവസ്ഥ ക്വുർആൻ വ്യക്തമാക്കുന്നത് കാണുക: "നിങ്ങൾ അറിയുക, ഇഹലോക ജീവിതമെന്നത് കളിയും വിനോദവും അലങ്കാരവും നിങ്ങൾക്കിടയിൽ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുക്കളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ്. ഒരു മഴപോലെ; അതുമൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീടത് തുരുമ്പായി പോകുന്നു. എന്നാൽ പരലോകത്ത് (ദുർവൃത്തർക്ക്) കഠിനമായ ശിക്ഷയും (സദ്വൃത്തർക്ക്) അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനവും പ്രീതിയും ഉണ്ട്. ഐഹികജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല" (അൽഹദീദ് 20).

**പരലോക വിശ്വാസത്തെ തള്ളിപ്പറഞ്ഞവർ**

മരണശേഷം മനുഷ്യരെ വീണ്ടും ജീവിപ്പിച്ച് കർമങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷാശിക്ഷകൾ നടപ്പാക്കും എന്ന് സ്രഷ്ടാവ് പ്രവാചകന്മാരിലൂടെ സകല സമൂഹങ്ങളെയും അറിയിച്ചിട്ടുണ്ട്. അക്കാര്യം വിശ്വസിക്കാനും ഉൾകൊള്ളാനും കുറച്ചുപേരേ തയ്യാറായതുള്ളൂ. അധികപേരും തള്ളിക്കളയുകയാണുണ്ടായത്. മരിച്ചവരെ ജീവിപ്പിക്കുകയോ, അതെങ്ങനെ സാധ്യമാകും എന്ന് അവർ ആശ്ചര്യപ്പെട്ടു. നിഷേധികൾ തങ്ങളുടെ നിഷേധം പ്രകടമാക്കിയതിങ്ങനെയായിരുന്നു:

"നിങ്ങൾ മരിക്കുകയും, മണ്ണും അസ്ഥിശകലങ്ങളുമായി തീരുകയും ചെയ്താൽ നിങ്ങൾ

**മരണശേഷം മനുഷ്യരെ വീണ്ടും ജീവിപ്പിച്ച് കർമങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷാശിക്ഷകൾ നടപ്പാക്കും എന്ന് സ്രഷ്ടാവ് പ്രവാചകന്മാരിലൂടെ സകല സമൂഹങ്ങളെയും അറിയിച്ചിട്ടുണ്ട്. അക്കാര്യം വിശ്വസിക്കാനും ഉൾകൊള്ളാനും കുറച്ചുപേരേ തയ്യാറായതുള്ളൂ. അധികപേരും തള്ളിക്കളയുകയാണുണ്ടായത്. മരിച്ചവരെ ജീവിപ്പിക്കുകയോ, അതെങ്ങനെ സാധ്യമാകും എന്ന് അവർ ആശ്ചര്യപ്പെട്ടു. സ്രഷ്ടാവായ അല്ലാഹുവിൽ വിശ്വസിക്കുന്നവരിൽ ചിലർ പോലും മരണാനന്തരം മനുഷ്യനെ അല്ലാഹു ജീവിപ്പിക്കില്ലെന്നു സത്യംചെയ്തു പറഞ്ഞതായി ക്വുർആൻ പ്രസ്താവിക്കുന്നു:**

(വീണ്ടും ജീവനോടെ) പുറത്തു കൊണ്ടുവരപ്പെടും എന്നാണോ അയാൾ നിങ്ങൾക്ക് വാഗ്ദാനം നൽകുന്നത്? നിങ്ങൾക്ക് നൽകപ്പെടുന്ന ആ വാഗ്ദാനം എത്രയോ വിദൂരം! ജീവിതം എന്നത് നമ്മുടെ ഈ ഐഹികജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജീവിക്കുന്നു. നാം ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരല്ല തന്നെ" (അൽമുഅമിനൂൻ 35-37).

സ്രഷ്ടാവായ അല്ലാഹുവിൽ വിശ്വസിക്കുന്നവരിൽ ചിലർ പോലും മരണാനന്തരം മനുഷ്യനെ അല്ലാഹു ജീവിപ്പിക്കില്ലെന്നു സത്യംചെയ്തു പറഞ്ഞതായി ക്വുർആൻ പ്രസ്താവിക്കുന്നു: "അവർ പരമാവധി ഉറപ്പിച്ചു സത്യം ചെയ്യാറുള്ള രീതിയിൽ അല്ലാഹുവിന്റെ പേരിൽ ആണയിട്ട് പറഞ്ഞു; മരണപ്പെടുന്നവരെ അല്ലാഹു ഉയിർത്തെഴുന്നേൽപിക്കുകയില്ല എന്ന്. അങ്ങനെയല്ല; അത് അവൻ ബാധ്യതയേറ്റ സത്യവാഗ്ദാനമാകുന്നു. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാകുന്നില്ല" (അന്നഹ്ൽ 38).

വിശ്വാസികളായ മാതാപിതാക്കൾ നിഷേധിയായ മകനെ വിളിച്ച് സത്യവിശ്വാസം കൈകൊള്ളാൻ ഉപദേശിക്കുമ്പോൾ അവനത് തള്ളിക്കളയുന്ന ചിത്രം ക്വുർആൻ വരച്ചുകാണിച്ചിട്ടുണ്ട്. മരിച്ചുപോയവർ ആരും തിരിച്ചുവന്നിട്ടില്ലല്ലോ എന്ന് അവർ ന്യായവാദം നടത്തുകയാണ്. നിങ്ങളീ പറയുന്നതൊക്കെ കെട്ടുകഥകളാണെന്ന് അവർ വാദിക്കുന്നു: "ഒരാൾ തന്റെ മാതാപിതാക്കളോട് പറഞ്ഞു: 'ഛെ, നിങ്ങൾക്ക് കഷ്ടം! ഞാൻ (മരണാനന്തരം) പുറത്തുകൊണ്ടുവരപ്പെടും എന്ന് നിങ്ങൾ രണ്ടുപേരും എന്നോട് വാഗ്ദാനം ചെയ്യുകയാണോ? എനിക്കു മുമ്പ് തലമുറകൾ കഴിഞ്ഞുപോയിട്ടുണ്ട്.' അവർ (മാതാപിതാക്കൾ) അല്ലഹുവിനോട് സഹായം തേടിക്കൊണ്ട് പറയുന്നു: 'നിനക്ക് നാശം, നീ വിശ്വസിക്കണം, തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യ

**പത്തിലധികം സ്ഥലങ്ങളിൽ, മരണപ്പെട്ടവരെ അവൻ ജീവിപ്പിക്കും എന്ന് കൃത്യമായി പ്രസ്താവിച്ചതായി കാണാം. ഉണങ്ങി വരണ്ട ഭൂമിയിൽ മഴപെയ്ത് ചെടികൾ മുളച്ചുപൊങ്ങുന്നത് ചൂണ്ടിക്കാണിച്ച് അപ്രകാരം മരണപ്പെട്ടവരെ ജീവിപ്പിക്കും എന്ന് വ്യക്തമാക്കുന്നുണ്ട് ക്വുർആൻ. അനന്തവിശാലമായ ഈ മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചു സംവിധാനിച്ച് നിയന്ത്രിക്കുന്നവന് മനുഷ്യരെ മരണശേഷം പടക്കാനാണോ പ്രയാസം എന്നും ക്വുർആൻ ചോദിക്കുന്നു**

മാകുന്നു.' അപ്പോൾ അവൻ പറയുന്നു: 'ഇതൊക്കെ പൂർവികന്മാരുടെ കെട്ടുകഥകൾ മാത്രമാണ്'' (അൽഅഹ്കാഫ് 17).

മരണാനന്തര ജീവിതത്തെ അസംഭവ്യമായ കാര്യമായാണ് സത്യനിഷേധികൾ കാണുന്നത്. "നീ അത്ഭുതപ്പെടുന്നുവെങ്കിൽ അവരുടെ ഈ വാക്കത്രെ അത്ഭുതകരമായിട്ടുള്ളത്: 'ഞങ്ങൾ മണ്ണായിക്കഴിഞ്ഞിട്ടോ? ഞങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുകതന്നെ ചെയ്യുമോ?' അക്കൂട്ടരാണ് തങ്ങളുടെ രക്ഷിതാവിൽ അവിശ്വസിച്ചവർ. അക്കൂട്ടരാണ് കഴുത്തുകളിൽ വിലങ്ങുകളുള്ളവർ. അക്കൂട്ടരാണ് നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും'' (അർറഅ്ദ് 5).

ഭൗതിക ജീവിതത്തിന്നപ്പുറത്ത് ഒരു ജീവിതമില്ല, ആയുസ്സ് തീരുംവരെ സുഖിച്ച് ജീവിക്കുക, ഒടുവിൽ മരണം. അത്ര തന്നെ! ഇതാണ് പരലോകനിഷേധികളുടെ നിലപാട്: "അവർ പറഞ്ഞു: 'ജീവിതമെന്നാൽ ഭൗതിക ജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജീവിക്കുന്നു. നമ്മെ നശിപ്പിക്കുന്നത് കാലം മാത്രമാകുന്നു.' (വാസ്തവത്തിൽ) അവർക്ക് അതിനെപ്പറ്റി യാതോരു അറിവുമില്ല. അവർ ഊഹിക്കുക മാത്രമാകുന്നു'' (അൽജാഥിയ 24).

മരണാനന്തര ജീവിതത്തെ നിഷേധിച്ചവരുടെ നിലപാടുകളും ന്യായവാദങ്ങളിൽ ചിലതുമാണ് മേൽ ചൂണ്ടിക്കാണിച്ചത്. എക്കാലത്തുമുള്ള പരലോകനിഷേധികളുടെയും നിലപാട് ഇതൊക്കെത്തന്നെയാണ്. മരിച്ചു മണ്ണോട് ചേർന്നുകഴിഞ്ഞാൽ പിന്നെയൊരു ജീവിതമില്ല. ശരീരം നുരുമ്പി ജീർണിച്ചു മണ്ണിൽ ലയിക്കും. പിന്നെ എങ്ങനെ രണ്ടാമത് ജീവിക്കും? ഇതാണവരുടെ ചോദ്യം!

### ഒരിക്കൽ സൃഷ്ടിച്ചവൻ രണ്ടാമതും സൃഷ്ടിക്കും

ശരീരം ജീർണിച്ചു മണ്ണിൽ ലയിച്ചുകഴിഞ്ഞാൽ പിന്നെ എങ്ങനെ രണ്ടാമത് ജീവിക്കും എന്ന സത്യനിഷേധികളുടെ ചോദ്യത്തിന് വിശുദ്ധ ക്വുർആൻ വ്യക്തമായി മറുപടി നൽകുന്നുണ്ട്. മറുപടിയുടെ ചുരുക്കം ഇതാണ്: ഒരിക്കൽ സൃഷ്ടിച്ചവന് രണ്ടാമത് സൃഷ്ടിക്കുക എന്നത് പ്രയാസമുള്ള കാര്യമല്ല. അതിനിസ്സാരമായ പുരുഷബീജവും സ്ത്രീയുടെ അണ്ഡവും കൂടിച്ചേർന്ന് ഭ്രൂണമായി ഘട്ടംഘട്ടമായി വളർന്നു പൂർണവളർച്ചയെത്തിയ കുഞ്ഞായി പുറത്തുവരുന്നു. അങ്ങനെ സൃഷ്ടിച്ചവൻ രണ്ടാമതും സൃഷ്ടിക്കും. ശൈശവം, ബാല്യം, കൗമാരം, യൗവനം, വാർധക്യം...ഇതൊക്കെ സൃഷ്ടിച്ച് സംവിധാനിച്ച് നിയന്ത്രിക്കുന്നവന് മനുഷ്യനെ മരണശേഷം വീണ്ടും ജീവിപ്പിക്കൽ വളരെ നിസ്സാരമാണ്.

ക്വുർആനിന്റെ അവതരണകാലത്ത് മക്കയിലുള്ള ബഹുദൈവാരാധകർ മരണാന്തരജീവിതത്തെ നിഷേധിക്കുന്നവരായിരുന്നു.മുമ്പ് കഴിഞ്ഞുപോയ തലമുറകളിലെ പരലോക നിഷേധികളെ പോലെത്തന്നെ മക്കക്കാരും ജീവിതം എന്നത് ഐഹികജീവിതം മാത്രമാണെന്ന് വാദിച്ചു. മനുഷ്യൻ മരിച്ചു മണ്ണോടു ചേർന്നാൽ പിന്നെ ഒരു ജീവിതമില്ല. അതോടെ എല്ലാം തീർന്നു എന്നാണവർ പറഞ്ഞിരുന്നത്.

നബി(സ്വ)യുടെ മക്കാജീവിതകാലത്തുണ്ടായ ഒരു സംഭവം ഇബ്നു അബ്ബാസ്(റ) ഉദ്ധരിക്കുന്നു: "ആസ്വുബ്നു വാഇൽ മക്കാ താഴ്വരയിൽനിന്ന് (ഉണങ്ങി നുരുമ്പിയ) ഒരു എല്ലിൻകഷ്ണം കൈയിലെടുത്തു. എന്നിട്ട് അത് കൈയിലിട്ട് ഉരസി പൊടിയാക്കി. പിന്നെ അല്ലാഹുവിന്റെ ദൂതനോട് അയാൾ ചോദിച്ചു: 'ഇങ്ങനെ ആയിത്തീർന്ന ഇതിനെ അല്ലാഹു ജീവിപ്പിക്കുമെന്നോ?' അപ്പോൾ അല്ലാഹുവിന്റെ ദൂതൻ(സ്വ) പറഞ്ഞു: 'അതെ, നിന്നെ അല്ലാഹു മരിപ്പിക്കും, പിന്നെ നിന്നെ ജീവിപ്പിക്കും. എന്നിട്ട് നിന്നെ കത്തിയാളുന്ന നരകത്തിൽ പ്രവേശിപ്പിക്കും.' ഇബ്നു അബ്ബാസ്(റ) പറയുന്നു: 'അപ്പോൾ സൂറതു യാസീനിലെ അവസാനഭാഗത്തുള്ള ആയത്തുകൾ അവതരിച്ചു'' (ബുഖാരി-മുസ്ലിമിന്റെ നിബന്ധനകളോടോത്തുവന്ന നിലയിൽ ഹാകിമും ഇബ്നു അബീഹാതിമും റിപ്പോർട്ട് ചെയ്തത്).

(നബി(സ്വ)യുടെ മറുപടിയുടെ ശൈലി ഒന്ന് പ്രത്യേകം ശ്രദ്ധിക്കുക. വളരെ സൗമ്യമായി പെരുമാറുന്ന സ്വഭാവമുള്ള പ്രവാചകൻ കഠിനശൈലിയിൽ സംസാരിക്കുന്ന ശത്രുക്കളോടുപോലും മൃദുലവും മാന്യവുമായയാണ് പ്രതികരിക്കാറുള്ളത്. എന്നാൽ ഇവിടെ അതിശക്തമായ ശൈലിയിലാണ് മറുപടി. 'നിന്നെ മരിപ്പിച്ച ശേഷം ജീവിപ്പിക്കും, എന്നിട്ട് നരകത്തിൽ പ്രവേശിപ്പിക്കും!' മരണാനന്തര ജീവിതത്തെ നിഷേധിക്കുക മാത്രമല്ല പരിഹസിക്കുകയാണ് മക്കയിലെ ആ നിഷേധി. ആ പരിഹാസത്തിനും നിഷേധത്തിനും ആ അഹങ്കാരിയുടെ മുഖത്ത് ആഞ്ഞടിക്കുന്നത് പോലെയാണിവിടെ.

വിഷയത്തിന്റെ പ്രാധാന്യം നമുക്കതിൽനിന്നും ഗ്രഹിക്കാം).

യാസീനിലെ പ്രസ്തുത ആയത്തുകൾ ഇതാണ്: “മനുഷ്യൻ കണ്ടില്ലേ, അവനെ ഒരു ബീജകണത്തിൽ നിന്നാണ് നാം സൃഷ്ടിച്ചിരിക്കുന്നത് എന്ന്? എന്നിട്ട് അവനതാ ഒരു പ്രത്യക്ഷനായ എതിർപ്പുകാരനായിരിക്കുന്നു. അവൻ നമുക്ക് ഒരു ഉപമ എടുത്തുകാണിക്കുകയും ചെയ്തിരിക്കുന്നു. തന്നെ സൃഷ്ടിച്ചത് അവൻ മറന്നുകളയുകയും ചെയ്തു. അവൻ പറഞ്ഞു: ‘എല്ലുകൾ ദ്രവിച്ചുപോയിരിക്കെ ആരാണ് അവയ്ക്ക് ജീവൻ നൽകുന്നത്?’ പറയുക: ആദ്യതവണ അവയെ ഉണ്ടാക്കിയവനാരോ അവൻതന്നെ അവയ്ക്ക് ജീവൻ നൽകുന്നതാണ്. അവൻ എല്ലാതരം സൃഷ്ടിപ്പിനെ പറ്റിയും സൂക്ഷ്മമായ അറിവുള്ളവനത്രെ’’(യാസീൻ 77-79).

ഒരിക്കൽ സൃഷ്ടിച്ചവന് രണ്ടാമതും സൃഷ്ടിക്കാൻ ഒരു ബുദ്ധിമുട്ടുമില്ല എന്ന കാര്യം ക്വുർആനിൽ പലയിടങ്ങളിലായി വ്യതസ്ത ശൈലികളിൽ പ്രസ്താവിച്ചതായി കാണാം: “അവനാകുന്നു സൃഷ്ടിപ്പ് ആരംഭിക്കുകയും പിന്നീട് അതാവർത്തിക്കുകയും ചെയ്യുന്നവൻ. അത് അവനെ സംബന്ധിച്ചിടത്തോളം കൂടുതൽ എളുപ്പമുള്ളതാകുന്നു” (അർറൂം 27).

“അവങ്കലേക്കാണ് നിങ്ങളുടെ എല്ലാവരുടെയും മടക്കം. അല്ലാഹുവിന്റെ സത്യവാഗ്ദാനമത്രെ അത്. തീർച്ചയായും അവൻ സൃഷ്ടി ആരംഭിക്കുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് നീതിപൂർവം പ്രതിഫലം നൽകുവാൻ വേണ്ടി അവൻ സൃഷ്ടികർമം ആവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ നിഷേധിച്ചതാരോ അവർക്ക് ചുട്ടുതിളയ്ക്കുന്ന പാനീയവും വേദനയേറിയ ശിക്ഷയും ഉണ്ടായിരിക്കും. അവർ നിഷേധിച്ചിരുന്നതിന്റെ ഫലമത്രെ അത്” (യൂനുസ് 4).

“ആദ്യമായി സൃഷ്ടി ആരംഭിച്ചതുപോലെ തന്നെ നാം അത് ആവർത്തിക്കുന്നതുമാണ്. നാം ബാധ്യതയേറ്റ ഒരു വാഗ്ദാനമത്രെ അത്. നാം (അത്) നടപ്പിലാക്കുകതന്നെ ചെയ്യുന്നതാകുന്നു” (അൽഅൻ ബിയാഅ് 104).

“പിന്നെ അതിൽതന്നെ നിങ്ങളെ അവൻ മടക്കുകയും നിങ്ങളെ ഒരിക്കൽ അവൻ പുറത്ത് കൊണ്ടു വരികയും ചെയ്യുന്നതാണ്’’ (നൂഹ് 18).

“അപ്പോൾ ആരാണ് ഞങ്ങളെ (ജീവിതത്തിലേക്ക്) തിരിച്ചുകൊണ്ടുവരിക എന്ന് അവർ പറഞ്ഞേക്കും. നിങ്ങളെ ആദ്യതവണ സൃഷ്ടിച്ചവൻതന്നെ എന്ന് നീ പറയുക. അപ്പോൾ നിന്റെ നേരെ (നോക്കിയിട്ട്) അവർ തലയാട്ടിക്കൊണ്ട് പറയും: ‘എപ്പോഴായിരിക്കുമത്?’ നീ പറയുക: അത് അടുത്തുതന്നെ ആയേക്കാം’’ (അൽഇസ്റാഅ് 51).

‘‘അല്ലാഹു എങ്ങനെ സൃഷ്ടി ആരംഭിക്കുകയും പിന്നെ അത് ആവർത്തിക്കുകയും ചെയ്യുന്നു എന്ന് അവർ ചിന്തിച്ചുനോക്കിയിട്ടില്ലേ? തീർച്ചയായും അത് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതത്രെ” (അൽഅൻകബൂത്ത് 19).

“അതിൽ(ഭൂമിയിൽ)നിന്നാണ് നിങ്ങളെ നാം സൃഷ്ടിച്ചത്. അതിലേക്കുതന്നെ നിങ്ങളെ നാം മടക്കുന്നു. അതിൽനിന്നുതന്നെ നിങ്ങളെ മറ്റൊരു പ്രാവശ്യം നാം പുറത്ത് കൊണ്ടുവരികയും ചെയ്യും’’ (ത്വാഹാ 55).

(10:34, 27:64, 30:11, 53:47, 18:48, 41:21, 85:8 തുടങ്ങിയ ആയത്തുകളിലും ഒരിക്കൽ സൃഷ്ടിച്ചവൻ രണ്ടാമതും സൃഷ്ടിക്കും എന്ന കാര്യം സൂചിപ്പിക്കുന്നുണ്ട്).

പത്തിലധികം സ്ഥലങ്ങളിൽ, മരണപ്പെട്ടവരെ അവൻ ജീവിപ്പിക്കും എന്ന് കൃത്യമായി പ്രസ്താവിച്ചതായി കാണാം. ഉണങ്ങി വരണ്ട ഭൂമിയിൽ മഴപെയ്ത് ചെടികൾ മുളച്ചുപൊങ്ങുന്നത് ചൂണ്ടിക്കാണിച്ച് അപ്രകാരം മരണപ്പെട്ടവരെ ജീവിപ്പിക്കും എന്ന് വ്യക്തമാക്കുന്നുണ്ട് ക്വുർആൻ: “അവനത്രെ അവന്റെ അനുഗ്രഹത്തിന് (മഴക്ക്) മുമ്പായി സന്തോഷവാർത്ത അറിയിച്ചുകൊണ്ട് കാറ്റുകളെ അയക്കുന്നവൻ. അങ്ങനെ അവ (കാറ്റുകൾ) ഭാരിച്ച മേഘത്തെ വഹിച്ചുകഴിഞ്ഞാൽ നിർജീവമായ വല്ല നാട്ടിലേക്കും നാം അതിനെ നയിച്ചുകൊണ്ടുപോകുകയും, എന്നിട്ടവിടെ വെള്ളം ചൊരിയുകയും, അതുമൂലം എല്ലാതരം കായ്കനികളും നാം പുറത്തുകൊണ്ടുവരികയും ചെയ്യുന്നു. അതുപോലെ നാം മരണപ്പെട്ടവരെ പുറത്തു കൊണ്ടുവരുന്നതാണ്. നിങ്ങൾ ശ്രദ്ധിച്ച് മനസ്സിലാക്കുന്നവരായേക്കാം” (അൽഅഅ്റാഫ് 57).

ഇതേ ആശയം വ്യത്യസ്ത ശൈലികളിൽ ക്വുർആൻ പലയിടങ്ങളിലും ആവർത്തിക്കുന്നുണ്ട്: “അല്ലാഹുവാണ് കാറ്റുകളെ അയച്ചവൻ. അങ്ങനെ അവ മേഘത്തെ ഇളക്കിവിടുന്നു. എന്നിട്ട് ആ മേഘത്തെ നിർജീവമായ നാട്ടിലേക്ക് നാം തെളിച്ചു കൊണ്ടുപോകുകയും അത് മുഖേന ഭൂമിയെ അതിന്റെ നിർജീവാവസ്ഥക്ക് ശേഷം നാം സജീവമാക്കുകയും ചെയ്യുന്നു. അതുപോലെ തന്നെയാകുന്നു ഉയിർത്തെഴുന്നേൽപ്’’ (അൽഫാത്വിർ 9).

ആകാശഭൂമികളുടെ സൃഷ്ടിപ്പ് ചൂണ്ടിക്കാണിച്ചുകൊണ്ടും ഈ കാര്യം പ്രസ്താവിക്കുന്നതായി കാണാം. അനന്തവിശാലമായ ഈ മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചു സംവിധാനിച്ച് നിയന്ത്രിക്കുന്നവന് മനുഷ്യരെ മരണശേഷം പടക്കാനാണോ പ്രയാസം എന്ന് ക്വുർആൻ ചോദിക്കുന്നു: “ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും അവയെ സൃഷ്ടിച്ചതുകൊണ്ട് ക്ഷീണിക്കാതിരിക്കുകയും ചെയ്ത അല്ലാഹു മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവൻ തന്നെയാണെന്ന് അവർക്ക് കണ്ടുകൂടേ? അതെ, തീർച്ചയായും അവൻ ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു” (അൽഅഹ്കാഫ് 33).

*(അവസാനിച്ചില്ല)*

# ഇസ്‌ലാം വിരോധിച്ച ജാറനിർമാണവും മനോവിഷമത്തിലായ ജാറവ്യവസായികളും

**മൂസ സ്വലാഹി കാര**
:97473 45768

ആദർശരാഹിത്യവും പ്രമാണനിരാസവുമായി മുന്നോട്ടു പോകുന്ന പണ്ഡിതവേഷധാരികൾ അഹ്‌ലുസ്സുന്ന വൽജമാഅയുടെ പ്രാമാണിക നിലപാടുകളെ ചോദ്യം ചെയ്യുന്നതും അപഹസിക്കുന്നതുമായ നിലപാട് തുടരുകതന്നെയാണ്. 2023 ജൂലൈ ആദ്യലക്കം 'സുന്നി വോയ്‌സി'ൽ 'ജാറം കെട്ടിപ്പൊക്കൽ: ബിദഈ വാദങ്ങളുടെ സാരശൂന്യത' എന്ന പേരിൽ പ്രസിദ്ധീകരിച്ച ലേഖനം ഇതിനു തെളിവാണ്. യാഥാർഥ്യങ്ങളെ മൂടിവച്ച് കളവ് പ്രചരിപ്പിക്കുന്നതിനും തെറ്റിദ്ധരിപ്പിക്കുന്നതിനുമാണ് അതിൽ ഊന്നൽ നൽകിയിട്ടുള്ളത്.

മലപ്പുറം ജില്ലയിലെ തലപ്പാറയിൽവച്ച് 2023 ജൂൺ 3, ശനിയാഴ്ച വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ യൂണിറ്റും സമസ്ത കേരള സുന്നി യുവജനസംഘം യൂണിറ്റും തമ്മിൽ ജാറം നിർമിക്കലുമായി ബന്ധപ്പെട്ട് നടന്ന സംവാദ വ്യവസ്ഥയാണ് അഹ്‌ലുസ്സുന്ന വൽജമാഅയെ ആക്ഷേപിക്കാൻ ഇപ്പോൾ കാരണമായിട്ടുള്ളത്. ഇരുവിഭാഗവും എഴുതിയ വാദങ്ങൾ ഇപ്രകാരമാണ്:

**മുജാഹിദ് പക്ഷം: 'ക്വബ്ർ ഒരു ചാൺ മാത്രം ഉയർത്തലാണ് പ്രവാചകചര്യ. അതിനു വിരുദ്ധമായി അതു കെട്ടിപ്പൊക്കുന്നതോ അതിന്മേൽ എടുപ്പുണ്ടാക്കുന്നതോ അതിനു കുമ്മാ**

**ഓരോ വിഭാഗവും തെളിവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നിലപാട് എഴുതുക എന്നതല്ലാതെ ഒരു വിഭാഗത്തിന്റെ സമ്മർദത്തിന് അടിമപ്പെട്ട് എന്തെങ്കിലും എഴുതുകവിടുക എന്നതാണോ വ്യവസ്ഥയുടെ രീതി? ക്വബ്‌റുകൾ കെട്ടിപ്പൊക്കുന്നതിലും അതിന്മേൽ എടുപ്പുണ്ടാക്കുന്നതിലും മുജാഹിദുകൾ നാളിതുവരെ പഠിപ്പിച്ച പ്രാമാണിക നിലപാടിൽ ഒരു മാറ്റവും ഈ വ്യവസ്ഥ പ്രകാരം വരുത്തിയിട്ടില്ല.**



**യമിടുന്നതോ വിലക്കപ്പെട്ടതും അനിസ്ലാമികവുമാണ്.'**

**സുന്നി പക്ഷം: 'മഹാൻമാരുടെ ജാറമുണ്ടാക്കൽ ശിർക്കാണെന്ന മുജാഹിദ് വാദം ശരിയല്ല.'**

പ്രാദേശിക പ്രവർത്തകർക്കിടയിൽ ഈ വിഷയത്തിലുണ്ടായ ചർച്ചകളാണ് വ്യവസ്ഥയിലേക്കെത്തിച്ചത്. ഇരുപക്ഷവും അവരവരുടെ വാദങ്ങൾ തുറന്നെഴുതിയപ്പോൾ സംവാദം നടക്കാൻ സാധ്യതയുണ്ടെന്ന് മുസ്ലിയാക്കന്മാർ മണത്തറിഞ്ഞു. നിങ്ങളുടെ വാദത്തിൽ ജാറമുണ്ടാക്കൽ ശിർക്കാണെന്ന് നിങ്ങൾ എഴുതിയിട്ടില്ല, അതെഴുതണം എന്ന പിടിവാശിയിലായി പുരോഹിതന്മാർ. ഞങ്ങളുടെ വാദമാണ് ഞങ്ങൾ എഴുതിയത്, നിങ്ങൾ എഴുതിയതിൽ ശിർക്ക് പരാമർശിക്കുന്നുണ്ടല്ലോ. അതിനാൽ സംവാദത്തിൽ ചർച്ച വരുമല്ലോ എന്ന പ്രതികരണം മുജാഹിദ് പക്ഷത്തുനിന്നുണ്ടായി. മുസ്ലിയാക്കന്മാരുടെ ദുർവാശികൊണ്ട് മാത്രം അവസാനിപ്പിക്കേണ്ടിവന്ന ആ സംവാദ വ്യവസ്ഥയെ പുരോഹിതൻ ജനങ്ങൾക്കിടയിൽ തെറ്റിദ്ധരിപ്പിക്കുന്നത് കാണുക:

"ഈയിടെ നടന്ന തലപ്പാറ സംവാദ വ്യവസ്ഥയിൽ ജാറം കെട്ടിപ്പൊക്കൽ ശിർക്കാണ് എന്ന വഹാബി ആശയം ശരിയല്ല എന്ന സുന്നി വാദത്തെ പ്രതിരോധിക്കാൻ കഴിയാത്ത വഹാബികൾ നിരന്തര ആദർശ പരിണാമത്തിലൂടെ തങ്ങൾ നേരിടുന്ന ആശയ പ്രതിസന്ധി എത്രത്തോളം രൂക്ഷമാണെന്ന് വ്യക്തമാക്കി. ഇസ്ലാമിക നിലപാട് മറികടന്ന് പുതിയ ബദൽ അവതരിപ്പിക്കാനുള്ള വഹാബി ശ്രമമാണ് പ്രമാണങ്ങൾക്കുമുമ്പിൽ വീണ്ടും പരാജയപ്പെട്ടത്"(പേജ് 10).

ഓരോ വിഭാഗവും തെളിവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നിലപാട് എഴുതുക എന്നതല്ലാതെ ഒരു വിഭാഗത്തിന്റെ സമ്മർദത്തിന് അടിമപ്പെട്ട് എന്തെങ്കിലും എഴുതുകവിടുക എന്നതാണോ വ്യവസ്ഥയുടെ രീതി? ഖബ്റുകൾ കെട്ടിപ്പൊക്കുന്നതിലും അതിന്മേൽ എടുപ്പുണ്ടാക്കുന്നതിലും മുജാഹിദുകൾ നാളിതുവരെ പഠിപ്പിച്ച പ്രാമാണിക നിലപാടിൽ ഒരു മാറ്റവും ഈ വ്യവസ്ഥ പ്രകാരം വരുത്തിയിട്ടില്ല. രണ്ട് വിഭാഗത്തിലെയും തലമുതിർന്ന പണ്ഡിതന്മാർ 1974 ജൂൺ 1, 9, 28 ദിവസങ്ങളിൽ ഒരുമിച്ചെഴുതിയ കുണ്ടുതോട് വാദപ്രതിവാദ വ്യവസ്ഥ പേജ് 2ൽ രേഖപ്പെടുത്തിയത് കാണുക:

'ഖബ്റിന്റെ മീതെ ജാറങ്ങൾ കെട്ടിപ്പൊക്കുന്നതും ദീപങ്ങൾ വെക്കുന്നതും ഹറാമാണ്'-മുജാഹിദുകൾ.

ആശയ വക്രീകരണത്തിൽ അവഗാഹം നേടിയ ഇവർ വളരെ തന്ത്രപരമായി കാര്യം സാധിച്ചതിന്റെ പൊള്ളത്തരം ബോധ്യമാകാൻ ഈ ലിങ്ക് (https://youtu.be/Z0Rcr19dUeY) ഉപയോഗിച്ച് ആ വ്യവസ്ഥയുടെ പൂർണരൂപം കേൾക്കാവുന്നതാണ്.

ലേഖകൻ തന്റെ കളവ് സ്ഥാപിക്കാൻ കെ. ഉമർ മൗലവി (റഹി)യുടെ വരികൾ തെളിവായി കൊണ്ടുവന്നത് കാണുക: 'തനി ശിർക്കും കുഫ്റുമായിട്ടുള്ളത്. ഒന്ന്: ഇസ്തിഗാസ, നേർച്ച, മാല, മൗലിദ്, റാത്തീബ്, ജാറം കെട്ടിപ്പൊന്തിക്കൽ, ജാറത്തിലേക്കുള്ള യാത്ര മുതലായതൊക്കെ ഈ ഇനത്തിൽ പെടുന്നു. കെ. ഉമർ മൗലവി എഴുതിവെച്ച ഈ അബദ്ധം പക്ഷേ, ഇപ്പോൾ വഹാബികൾക്ക് പറയാൻ ധൈര്യമില്ല. പ്രാമാണികമായ ചർച്ചയിൽ സമർത്ഥിക്കാൻ കഴിയാതെ അവർ പ്രതിരോധത്തിലാവുകയാണ്' (പേജ് 10).

ദുരാഗ്രഹ സാക്ഷാത്കാര കൊതിയോടെയാണ് ഉമർ മൗലവി(റഹി) എഴുതിയ, വളരെ മനോഹരമായി തൗഹീദ് ഉദ്ഘോഷിക്കുന്ന 'ഫാതിഹയുടെ തീരത്ത്' എന്ന പുസ്തകത്തിലെ ഒരു ഭാഗം മുസ്‌ലിയാർ ഉദ്ധരിച്ചിട്ടുള്ളത്. തലപ്പാറയിൽ എഴുതപ്പെട്ട വാദവും ഈ പുസ്തകത്തിൽ വന്നതും തമ്മിൽ വലിയ വൈരുധ്യമുണ്ടെന്ന് വരുത്താനാണ് ലേഖകൻ ഇത് ഉദ്ധരിച്ചിരിക്കുന്നത്. ഉമർ മൗലവിയുടെ ആദർശമെന്താണെന്ന് ആ പുസ്തകം വളരെ കൃത്യമായി വ്യക്തമാക്കുന്നുണ്ട്. അതെല്ലാം മറച്ചുവച്ചാണ് ഈ ദുർവ്യാഖ്യാനം. ഇതിന്റെ 48,49,100,101 എന്നീ പേജുകൾ ശ്രദ്ധയോടെ വായിച്ചിരുന്നെങ്കിൽ സ്വയം കെണിയിൽപ്പെടില്ലായിരുന്നു. ഉമർ മൗലവി എഴുതിയത് കാണുക: "ജാറം കെട്ടിപ്പൊന്തിച്ചേടത്ത് സിയാറത്തിന് പോകുന്നത് പരലോകത്തെ ഓർമിക്കാനല്ല, എന്നുമാത്രമല്ല പരലോകത്തെപ്പറ്റിയുള്ള ഓർമ നശിക്കുകയാണ് അവിടെ ചെയ്യുക. പിന്നെ ഖബറാളികൾക്കുവേണ്ടി അല്ലാഹുവിനോട് തേടുന്നതിനു പകരം ആ ജാറത്തിൽ അടക്കപ്പെട്ടവരോട് തേടുകയാണ് ചെയ്യുന്നത്. അവരുടെ സ്നേഹവും സഹായവും ലഭിക്കുവാനും അവരുമായുള്ള ബന്ധം ഉറപ്പിക്കുവാനും വേണ്ടിയാണ് അവിടെ പോകുന്നത്. ഖബറാളികൾ മരണത്തോടുകൂടി ബർസഖിയായ അദൃശ്യലോകത്തായിപ്പോയി. അവരുടെ സഹായം തേടുന്നതും അവരുമായി ബന്ധം സ്ഥാപിക്കുന്നതും അദൃശ്യമായ മാർഗത്തിലാണ്.

അതുകൊണ്ട് അവരെ ഉദ്ദേശിച്ച് സവിനയം ചെയ്യപ്പെടുന്ന എല്ലാ കാര്യങ്ങളും ശിർക്കിന്റെ ആരാധനകളാകുന്നു. സിയാറത്തിന്റെ പേര് ഇവിടെ പറഞ്ഞിട്ടു യാതൊരു കാര്യവുമില്ല. അവരുടെ സഹായം തേടിക്കൊണ്ട് അങ്ങോട്ടു പോകുന്നതും ജാറംമൂടുന്നതും അവിടെ വിളക്ക് കത്തിക്കുന്നതും അവിടം ചുംബിക്കുന്നതും അവിടുത്തെ മണ്ണ് തിന്നുന്നതും എല്ലാം ശിർക്കിന്റെ ആരാധനകളാക്കുന്നു.

> **ജാറം കെട്ടിപ്പൊന്തിച്ചേടത്ത് സിയാറത്തിന് പോകുന്നത് പരലോകത്തെ ഓർമിക്കാനല്ല, എന്നുമാത്രമല്ല പരലോകത്തെപ്പറ്റിയുള്ള ഓർമ നശിക്കുകയാണ് അവിടെ ചെയ്യുക. പിന്നെ ഖബറാളികൾക്കുവേണ്ടി അല്ലാഹുവിനോട് തേടുന്നതിനു പകരം ആ ജാറത്തിൽ അടക്കപ്പെട്ടവരോട് തേടുകയാണ് ചെയ്യുന്നത്. അവരുടെ സ്നേഹവും സഹായവും ലഭിക്കുവാനും അവരുമായുള്ള ബന്ധം ഉറപ്പിക്കുവാനും വേണ്ടിയാണ് അവിടെ പോകുന്നത്. ഖബറാളികൾ മരണത്തോടുകൂടി ബർസഖിയായ അദൃശ്യലോകത്തായിപ്പോയി. അവരുടെ സഹായം തേടുന്നതും അവരുമായി ബന്ധം സ്ഥാപിക്കുന്നതും അദൃശ്യമായ മാർഗത്തിലാണ്. അതുകൊണ്ട് അവരെ ഉദ്ദേശിച്ച് സവിനയം ചെയ്യപ്പെടുന്ന എല്ലാ കാര്യങ്ങളും ശിർക്കിന്റെ ആരാധനകളാകുന്നു.**



ഈ ശിർക്കുകൾക്കെല്ലാം പ്രേരകമായ നിലയിലാണ് ഈ കെട്ടിടങ്ങൾ നിലകൊള്ളുന്നത്'' (ഫാതിഹയുടെ തീരത്ത്, പേജ് 100).

ഉമർ മൗലവി(റഹി) ഇത്ര വ്യക്തമായി പറഞ്ഞ വിഷയത്തിന്റെ ചുരുക്കം അതേപുസ്തകത്തിന്റെ 1313മത്തെ പേജിൽ എഴുതിയതാണ് മുസ്‌ലിയാർ എടുത്തുദ്ധരിച്ച് വൈരുധ്യം ആരോപിക്കുന്നത്! സത്യത്തെ എക്കാലവും മൂടിവയ്ക്കാൻ കഴിയുമെന്നത് വ്യാമോഹം മാത്രമാണ്.

അല്ലാഹു പറയുന്നു: ''നീ പറയുക: സത്യം വന്നുകഴിഞ്ഞു. അസത്യം (യാതൊന്നിനും) തുടക്കം കുറിക്കുകയില്ല. (യാതൊന്നും) പുനഃസ്ഥാപിക്കുകയുമില്ല'' (34:49).

അല്ലാഹുവിൽനിന്നും സത്യവും മഹത്തായ മതനിയമവും വന്നുവെന്നും അസത്യം പൊടിയുകയും ദ്രവിക്കുകയും ചെയ്യുവെന്നും ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നു കസീർ(റഹി) പറഞ്ഞത് എത്ര ശരിയാണ്!

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് ഒരു വിലയും കൽപിക്കാത്ത മുസ്‌ലിയാക്കന്മാർ ജാറം കെട്ടിപ്പൊക്കുന്ന വിഷയത്തിലും വ്യത്യസ്ത നിലപാടിലല്ല. മുസ്‌ലിയാർ എഴുതുന്നു: ''മഹാന്മാരുടെ സ്മരണ നിലനിർത്തുന്നതിനും സിയാറത്ത് സജീവമാക്കുന്നതിനും അവരുടെ ഖബറുകൾക്ക് മീതെ ഖുബ്ബകൾ നിർമിക്കാവുന്നതാണ്. തിരുനബി(സ)യും അവിടത്തെ ഏറ്റവും അടുത്ത അനുയായികളായ അബൂബക്കർ(റ), ഉമർ(റ) എന്നിവരും പ്രസിദ്ധമായ ഹരിത ഖുബ്ബക്ക് താഴെയാണല്ലോ വിശ്രമിക്കുന്നത്'' (പേജ് 11).

> **തിരുനബി(സ്വ)യും ഏറ്റവും അടുത്ത അനുയായികളായ അബൂബക്കർ(റ), ഉമർ(റ) എന്നിവരും പച്ച ഖുബ്ബക്ക് താഴെ വിശ്രമിക്കുന്നു എന്നതാണത്രെ ക്വബ്ർ കെട്ടിപ്പൊക്കാനുള്ള തെളിവ്! ഇവർ എഴുതുന്നതും പറയുന്നതും കേട്ടാൽ തോന്നുക പച്ച ക്വുബ്ബ നബി(സ്വ)യുടെ നിർദേശ പ്രകാരം സ്വഹാബികൾ നിർമിച്ചതും പിൽക്കാലക്കാർ സംരക്ഷിച്ചുപോന്നതുമാണെന്നാണ്. ഉത്തമ തലമുറക്ക് ശേഷം നൂറ്റാണ്ടുകൾക്കിപ്പുറം ഉസ്മാനിയ ഭരണ കാലഘട്ടത്തിൽ രാജക്കന്മാർ നിർമിച്ചതും പിന്നീട് അതിൽ ഭ്രമം മൂത്തവർ കാരണം നീക്കാൻ പറ്റാത്തതുമായ നിലയിൽ അവശേഷിക്കുന്ന ഒന്ന് മാത്രമാണത്. നബി(സ്വ) യുടെയും അനുചരരുടെയും ക്വബ്റുകളുമായി അതിന് ബന്ധമില്ലെന്നാണ് തെളിവുകൾ പഠിപ്പിക്കുന്നത്.**

തിരുനബി(സ്വ)യും ഏറ്റവും അടുത്ത അനുയായികളായ അബൂബക്കർ(റ), ഉമർ(റ) എന്നിവരും പച്ച ഖുബ്ബക്ക് താഴെ വിശ്രമിക്കുന്നു എന്നതാണത്രെ ക്വബ്ർ കെട്ടിപ്പൊക്കാനുള്ള തെളിവ്! ഇവർ എഴുതുന്നതും പറയുന്നതും കേട്ടാൽ തോന്നുക പച്ച ക്വുബ്ബ നബി(സ്വ)യുടെ നിർദേശ പ്രകാരം സ്വഹാബികൾ നിർമിച്ചതും പിൽക്കാലക്കാർ സംരക്ഷിച്ചുപോന്നതുമാണെന്നാണ്. ഉത്തമ തലമുറക്ക് ശേഷം നൂറ്റാണ്ടുകൾക്കിപ്പുറം ഉസ്മാനിയ ഭരണ കാലഘട്ടത്തിൽ രാജക്കന്മാർ നിർമിച്ചതും പിന്നീട് അതിൽ ഭ്രമം മൂത്തവർ കാരണം നീക്കാൻ പറ്റാത്തതുമായ നിലയിൽ അവശേഷിക്കുന്ന ഒന്ന് മാത്രമാണത്. നബി(സ്വ)യുടെയും അനുചരരുടെയും ക്വബ്റുകളുമായി അതിന് ബന്ധമില്ലെന്നാണ് തെളിവുകൾ പഠിപ്പിക്കുന്നത്.

ജാബിറി(റ)ൽനിന്ന് നിവേദനം: ''ക്വബ്റുകൾക്കു മേൽ കുമ്മായ മടിക്കുന്നതും അതിന്മേൽ ഇരിക്കുന്നതും അതിന്മേൽ എടുപ്പുണ്ടാക്കുന്നതും നബി(സ്വ) നിരോധിച്ചിരിക്കുന്നു'' (മുസ്‌ലിം).

ജാബിറി(റ)ൽനിന്ന് നിവേദനം: ''നബി(സ്വ)യുടെ ക്വബ്ർ ഏകദേശം ഒരു ചാൺ ഉയർത്തപ്പെട്ടതായി ഞാൻ കണ്ടു'' (ബൈഹക്വി).

ക്വബ്റുകൾ എപ്രകാരമാകണമെന്ന് ഇത്ര വ്യക്തമായിരിക്കെ നബി(സ്വ)യുടെയും സ്വഹാബികളുടെയും പേരിൽ ജൂത-ക്രൈസ്തവ ആശയവും ശിയാ ആചാരവും പ്രചരിപ്പിക്കുന്നത് കടുത്ത അന്യായമാണ്. നാല് മദ്ഹബുകളുടെ പ്രബല അഭിപ്രായമോ അറിയ





**ക്വുർആൻ സൂക്തത്തെ ദുർവ്യാഖ്യാനിച്ച് ക്വബ്‌റാരാധന നടത്തുന്നവർ അല്ലാഹുവിന്റെ ഈ താക്കീതിനെയാണ് ഭയക്കേണ്ടത്. അല്ലാഹു പറയുന്നു: ''അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയോ, അവന്റെ ദൃഷ്ടാന്തങ്ങൾ തള്ളിക്കളയുകയോ ചെയ്തവനെക്കാൾ കടുത്ത അക്രമി ആരുണ്ട്? അക്രമികൾ വിജയം വരിക്കുകയില്ല; തീർച്ച''**(6:21).

പ്പെട്ട ഹദീസ് പണ്ഡിതന്മാരുടെ നിലപാടോ ഈ പുരോഹിതന്മാർക്ക് ഉദ്ധരിക്കാൻ കഴിയാത്തതും അവരുടെ പ്രമാണരാഹിത്യം വെളിച്ചത്ത് കാണിക്കുന്നുണ്ട്.

വളരെ തന്ത്രപരമായി മുസ്‌ലിയാർ ചില തെളിവുകൾ ഉരുട്ടിയുണ്ടാക്കാൻ ശ്രമിക്കുന്നത് കാണുക: ''ഖാരിജത്തുബ്നു സൈദ്(റ) പറയുന്നു: ഉസ്മാൻ(റ)വിന്റെ കാലത്ത് ഞങ്ങളിൽ ഏറ്റവും വലിയ ചാട്ടക്കാരൻ ഉസ്മാനുബ്നു മള്ഊൻ(റ)ന്റെ ക്വബ്ർ ചാടിക്കടക്കാൻ കഴിയുന്നയാളായിരുന്നു( ബുഖാരി)'' (പേജ് 11,12).

ഇമാം ബുഖാരി 'ജനാഇസ്' എന്ന അധ്യായത്തിൽ 'ക്വബ്‌റിന്മേൽ ഈന്തപ്പനത്തണ്ട് വെക്കൽ' എന്ന ഭാഗത്താണ് ഈ വാക്ക് കൊണ്ടുവന്നത്. ഉസ്മാൻ ഇബ്നു മള്ഊൻ(റ) കൊല്ലപ്പെട്ടപ്പോൾ അഞ്ച് വയസ്സുള്ള ഖാരിജ(റ) ചെയ്ത കാര്യമാണിത്. ഭൂമിയിൽ നിന്ന് ക്വബ്ർ അൽപം ഉയർന്നായിരിക്കണം എന്ന് പഠിപ്പിക്കുന്ന ഇത്തരം വാക്കുകൾക്ക് അഹ്‌ലുസ്സുന്നത്തി വൽജമാഅയുടെ ഇമാമുമാരായ ഇബ്നു ഹജർ അസ്‌ക്വലാനി(റഹി)യും നവവി(റഹി)യും നൽകാത്ത വിശദീകരണവും മുസ്‌ലിയാർ അവരുടെ പേരിൽ കെട്ടിച്ചമച്ചു. ഹിജ്റ 600ൽ മരണപ്പെട്ട ഇമാം ഇബ്നു ഖുദാമ(റഹി) തന്റെ മുഗ്നിയിൽ ഇതിനെപ്പറ്റി പറഞ്ഞത് ഇവിടെ ചേർക്കാം: ''കല്ലുകൊണ്ടോ കമ്പുകൊണ്ടോ ക്വബ്‌റിന്മേൽ അടയാളം വെക്കുന്നതിന് കുഴപ്പമില്ല. ഇമാം അഹ്മദ്(റ) പറഞ്ഞു: ഒരു വ്യക്തി ക്വബ്ർ തിരിച്ചറിയുന്നതിനായി അടയാളം വെക്കുന്നതിന് വിരോധമില്ല. നബി(സ) ഉസ്മാൻ ഇബ്നു മള്ഊനിന്റെ ക്വബ്‌റിന് അടയാളം വെച്ചിരിന്നു.''

മുസ്‌ലിയാർ എഴുതുന്നു: ''മഹാന്മാരുടെ ഖബറിന് ചാരെ പള്ളി നിർമിക്കുകയും നിസ്‌കരിക്കുകയും ചെയ്യാമെന്ന് പരിശുദ്ധ ഖുർആൻ തന്നെ പറയുന്നുണ്ട്. അവരുടെ കാര്യത്തിൽ പ്രാബല്യം നേടിയവർ പറഞ്ഞു: നമുക്ക് അവരുടെ മേൽ ഒരു പള്ളി നിർമിക്കുകതന്നെ ചെയ്യാം''(പേജ് 13).

സൂറത്തുൽ കഹ്ഫിലെ താഴെ കൊടുക്കുന്ന വചനമാണ് ജാറ നിർമാണത്തിന് തെളിവായി പറയുന്നത്: ''...അവർ അന്യോന്യം അവരുടെ (ഗുഹാവാസികളുടെ) കാര്യത്തിൽ തർക്കിച്ചുകൊണ്ടിരുന്ന സന്ദർഭം (ശ്രദ്ധേയമാകുന്നു). അവർ (ഒരു വിഭാഗം) പറഞ്ഞു: നിങ്ങൾ അവരുടെ മേൽ ഒരു കെട്ടിടം നിർമിക്കുക-അവരുടെ രക്ഷിതാവ് അവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ- അവരുടെ കാര്യത്തിൽ പ്രാബല്യം നേടിയവർ പറഞ്ഞു: നമുക്ക് അവരുടെ മേൽ ഒരു പള്ളി നിർമിക്കുക തന്നെ ചെയ്യാം.''

സൂറത്തുൽ കഹ്ഫിലെ ഈ വചനത്തെ മുസ്‌ലിയാർ ദുർവ്യാഖ്യാനിച്ചു എന്ന് മാത്രമല്ല ക്വുർആനിന്റെ മേൽ പച്ചനുണ കൂടിയാണ് എഴുതിവിട്ടിരിക്കുന്നത്. ഗുഹാവാസികളായ ഏകദൈവാരാധകരുടെ കാര്യത്തിൽ അക്കാലത്ത് അതിരുവിട്ട് ചിന്തിച്ച ശിർക്കിന്റെ വക്താക്കൾ പറഞ്ഞ കാര്യമാണിത്. ഏതായാലും തങ്ങൾ പിൻപറ്റുന്നത് ബഹുദൈവാരാധകരുടെ ചര്യയാണെന്ന് പറയാതെ പറഞ്ഞത് നന്നായി. ഈ ആയത്ത് മഹാന്മാരുടെ ക്വബ്‌റിനു ചാരെ പള്ളി നിർമിക്കുവാനും അതിൽ നമസ്‌കരിക്കുവാനുമുള്ള തെളിവാണെന്നു പറഞ്ഞത് ഏത് ഇമാമാണെന്ന് ഈ മുസ്‌ലിയാർക്ക് പറയാൻ കഴിയുമോ?

ക്വുർആൻ സൂക്തത്തെ ദുർവ്യാഖ്യാനിച്ച് ക്വബ്‌റാരാധന നടത്തുന്നവർ അല്ലാഹുവിന്റെ ഈ താക്കീതിനെയാണ് ഭയക്കേണ്ടത്. അല്ലാഹു പറയുന്നു: ''അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയോ, അവന്റെ ദൃഷ്ടാന്തങ്ങൾ തള്ളിക്കളയുകയോ ചെയ്തവനെക്കാൾ കടുത്ത അക്രമി ആരുണ്ട്? അക്രമികൾ വിജയം വരിക്കുകയില്ല; തീർച്ച''(6:21).

*(അവസാനിച്ചില്ല)*

ലേഖനം




# മുൻകാല വിധികളും ശിരോവസ്ത്ര വിഷയവും


**സുഫ്‌യാൻ അബ്ദുസ്സലാം**

: 81296 17676


കർണാടക മുൻ സർക്കാറിന്റെ ശിരോവസ്ത്ര നിരോധനത്തെ ശരിവച്ചുകൊണ്ടുള്ള കർണാടക ഹൈക്കോടതിയുടെ വിധിയിൽ സർക്കാർ വാദത്തെ സാധൂകരിക്കുന്നതിന് വേണ്ടി കൊണ്ടുവന്നിട്ടുള്ള വാദങ്ങളെ പൊളിച്ചടുക്കുകയായിരുന്നു ജസ്റ്റിസ് ധൂലിയ. എസെൻഷ്യൽ പ്രാക്ടീസ്, ഇരുപത്തിയഞ്ചാം അനുച്ഛേദം, യഹോവ സാക്ഷികളുടെ കേസ് വിധി, വിവിധ രാജ്യങ്ങളിലെ സമാനമായ കേസുകളിലുണ്ടായ വിധികൾ തുടങ്ങി വിവിധ വിഷയങ്ങളെ നിയമത്തിന്റെ സൂക്ഷ്മജ്ഞാനങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് അദ്ദേഹം വിധി പ്രസ്താവം നടത്തിവന്നത്.

ദക്ഷിണാഫ്രിക്കയിലെ സ്കൂളുകളിൽ മൂക്കുത്തി നിരോധിച്ച സംഭവത്തിൽ അവിടെയുള്ള കോടതികൾ മൂക്കുത്തി ധരിക്കുന്ന വിദ്യാർഥികൾക്ക് അനുകൂലമായി വിധി നടത്തിയത് ഒരു ബഹുസ്വര രാഷ്ട്രമായ ഭാരതത്തിലെ വിദ്യാലയങ്ങൾക്ക് ഒരു മാതൃകയായിട്ടാണ് ധൂലിയ ഉദ്ധരിച്ചത്. എന്നാൽ കർണാടക ഹൈക്കോടതി വിദേശ കോടതികളിലെ ചില വിധികൾ ഉദ്ധരിച്ചുകൊണ്ട് ചില പുകമറകൾ സൃഷ്ടിച്ചതിനെ ധൂലിയ വിമർശിക്കുന്നു. കർണാടക ഹൈക്കോടതി ഉദ്ധരിച്ച ഓരോ വിധിയെയും അദ്ദേഹം പോസ്റ്റ്മോർട്ടം ചെയ്യുന്നുണ്ട്.

> **ദക്ഷിണാഫ്രിക്കയിലെ സ്കൂളുകളിൽ മൂക്കുത്തി നിരോധിച്ച സംഭവത്തിൽ അവിടെയുള്ള കോടതികൾ മൂക്കുത്തി ധരിക്കുന്ന വിദ്യാർഥികൾക്ക് അനുകൂലമായി വിധി നടത്തിയത് ഒരു ബഹുസ്വര രാഷ്ട്രമായ ഭാരതത്തിലെ വിദ്യാലയങ്ങൾക്ക് ഒരു മാതൃകയായിട്ടാണ് ധൂലിയ ഉദ്ധരിച്ചത്. എന്നാൽ കർണാടക ഹൈക്കോടതി വിദേശ കോടതികളിലെ ചില വിധികൾ ഉദ്ധരിച്ചുകൊണ്ട് ചില പുകമറകൾ സൃഷ്ടിച്ചതിനെ ധൂലിയ വിമർശിക്കുന്നു.**

### ഷബീന ബീഗം v/s ഡെൻബി ഹൈസ്കൂൾ

കർണാടക ഹൈക്കോടതി വിധിയിൽ പരാമർശിച്ച ഒരു കേസാണ് ഷബീന ബീഗം v/s ഡെൻബി (Denbigh) ഹൈസ്കൂൾ കേസ്. ബ്രിട്ടനിലെ ഡെൻബി ഹൈസ്കൂളിൽ 'ഹിജാബ്' ധരിക്കാൻ അനുമതി നൽകിയതാണ് കേസിന്

ആസ്പദമായ സംഭവം. ശിരോവസ്ത്രമടക്കം അനുവദിക്കപ്പെട്ടിരുന്ന സ്കൂളിൽ ചില കുട്ടികൾ 'ജിൽബാബ്' (പൂർണമായ പർദാ വസ്ത്രം) ധരിച്ചു വന്നതോടെയാണ് വിവാദമുണ്ടായത്. സ്കൂൾ അധികൃതർ ജിൽബാബ് നിഷേധിച്ചതോടെയാണ് പ്രശ്നം കോടതിയിലെത്തുന്നത്. ജിൽബാബ് നിയന്ത്രിച്ചുകൊണ്ടുള്ള സ്കൂൾ നടപടി കോടതി ശരിവെച്ചു. ഈ വിധിയെ കർണാടക ഹൈക്കോടതി 'ഹിജാബ്' കോടതി നിരോധിച്ചു എന്ന് പറഞ്ഞുകൊണ്ടാണ് തെറ്റിദ്ധരിപ്പിച്ചത്. സത്യത്തിൽ അവിടെ മുസ്‌ലിം സ്ത്രീകൾ ഏറെ അനിവാര്യമായി മനസ്സിലാക്കിയിട്ടുള്ള ശിരോവസ്ത്രം കോടതി നിരോധിച്ചിട്ടില്ല എന്നും പ്രസ്തുത വിധിക്ക് ശേഷവും മുസ്‌ലിം പെൺകുട്ടികൾ ശിരോവസ്ത്രം ധരിച്ചുകൊണ്ടാണ് വന്നിരുന്നത് എന്നുമുള്ള വസ്തുത മറച്ചുപിടിച്ചുകൊണ്ടാണ് ഷബീന ബീഗം കേസിനെ ശിരോവസ്ത്ര നിരോധനത്തെ സാധൂകരിക്കുന്നതിനായി കോടതി ഉപയോഗിച്ചിട്ടുള്ളത്.

**ഷബീന ബീഗം കേസ്: അൽപം വിശദീകരണം**

യു.കെയിലെ ലൂട്ടൻ നഗരത്തിലെ ഒരു സ്കൂളാണ് Denbigh High School. സ്കൂൾ മാനേജ്മെന്റിൽ അധികവും ഇസ്‌ലാം മത വിശ്വാസികളാണ്. വിദ്യാർഥികളിൽ ഇസ്‌ലാംമത വിശ്വാസികൾ മാത്രമല്ല, മറ്റു മതസ്ഥരുമുണ്ട്. വളരെ സെക്കുലറായ രീതിയിലാണ് സ്കൂൾ നടന്നുവന്നിരുന്നത്. സാമുദായിക സ്വത്വബോധം നിലനിർത്തിക്കൊണ്ടുള്ള ഒരു യൂണിഫോം രീതിയാണ് സ്കൂൾ അനുവർത്തിച്ചുവന്നിരുന്നത്. പാന്റ്സ്, സ്കർട്ട് എന്നിവക്ക് പുറമെ പെൺകുട്ടികൾക്ക് ശിരോവസ്ത്രം ഐച്ഛികമാക്കിക്കൊണ്ടുള്ള സൽവാർ കമ്മീസുകളും അനുവദിച്ചിരുന്നു. യൂണിഫോം കാര്യങ്ങൾ പ്രാദേശിക പള്ളി മേധാവികളോടും മതസംഘടനകളോടും രക്ഷിതാക്കളോടും ചർച്ച ചെയ്തുകൊണ്ടായിരുന്നു തീരുമാനിച്ചിരുന്നത്. സൽവാർ കമ്മീസ് പൊതുവിൽ എല്ലാ വിഭാഗവും ധരിച്ചുവരുന്നതായതു കൊണ്ട് എല്ലാവർക്കും അത് സ്വീകാര്യമായിരുന്നു.

> **ശിരോവസ്ത്രമടക്കം അനുവദിക്കപ്പെട്ടിരുന്ന സ്കൂളിൽ ചില കുട്ടികൾ 'ജിൽബാബ്' (പൂർണമായ പർദാ വസ്ത്രം) ധരിച്ചു വന്നതോടെയാണ് വിവാദമുണ്ടായത്. സ്കൂൾ അധികൃതർ ജിൽബാബ് നിഷേധിച്ചതോടെയാണ് പ്രശ്നം കോടതിയിലെത്തുന്നത്. ജിൽബാബ് നിയന്ത്രിച്ചുകൊണ്ടുള്ള സ്കൂൾ നടപടി കോടതി ശരിവെച്ചു. ഈ വിധിയെ കർണാടക ഹൈക്കോടതി 'ഹിജാബ്' കോടതി നിരോധിച്ചു എന്ന് പറഞ്ഞുകൊണ്ടാണ് തെറ്റിദ്ധരിപ്പിച്ചത്. സത്യത്തിൽ അവിടെ മുസ്‌ലിം സ്ത്രീകൾ ഏറെ അനിവാര്യമായി മനസ്സിലാക്കിയിട്ടുള്ള ശിരോവസ്ത്രം കോടതി നിരോധിച്ചിട്ടില്ല എന്നും പ്രസ്തുത വിധിക്ക് ശേഷവും മുസ്‌ലിം പെൺകുട്ടികൾ ശിരോവസ്ത്രം ധരിച്ചുകൊണ്ടാണ് വന്നിരുന്നത് എന്നുമുള്ള വസ്തുത മറച്ചുപിടിച്ചുകൊണ്ടാണ് ഷബീന ബീഗം കേസിനെ ശിരോവസ്ത്ര നിരോധനത്തെ സാധൂകരിക്കുന്നതിനായി കോടതി ഉപയോഗിച്ചിട്ടുള്ളത്.**

ഷബീന ബീഗം ബംഗ്ലാദേശ് വംശജയായിരുന്ന 16 കാരിയായ വിദ്യാർഥിനിയായിരുന്നു. രണ്ടു വർഷക്കാലം സൽവാർ കമ്മീസ് ധരിച്ചുവന്നിരുന്ന ഷബീന, ജിൽബാബ് ധരിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുകയായിരുന്നു. സംഭവത്തിന് പിന്നിൽ ചില തീവ്രവാദ സംഘടനകളുടെ സ്വാധീനം ഉണ്ടായിരുന്നുവെന്നാണ് പറയപ്പെടുന്നത്. എന്നാൽ സ്കൂൾ അധികൃതർ അനുവദിച്ചില്ല. അവർ ഹൈക്കോടതിയെ സമീപിച്ചു. കോടതി ഷബീനയുടെ വാദം തള്ളി. എന്നാൽ അപ്പീൽ കോടതിയിൽ അവർ വിജയിച്ചു. സ്കൂൾ വീണ്ടും ഹൌസ് ഓഫ് ലോർഡ്സിനെ സമീപിച്ചു. ഈ വിഷയത്തിൽ ജിൽബാബ് അനുവദിക്കാമെന്നോ അനുവദിക്കാൻ പാടില്ലെന്നോ പറയാൻ കഴിയില്ലെന്ന് ഹൗസ് ഓഫ് ലോർഡ്സ് വ്യക്തമാക്കി. ഈ കേസിൽ വിധി പറഞ്ഞ അപ്പീൽ കോടതിയുടെ പരാമർശങ്ങൾ ജസ്റ്റിസ് ധൂലിയ ഉദ്ധരിക്കുന്നുണ്ട്. അതിപ്രകാരമാണ്:



''സ്കൂളുകൾക്ക് വ്യത്യസ്ത ധർമങ്ങളാണ് നിർവഹിക്കാനുള്ളത്. ദേശീയ പാഠ്യപദ്ധതിക്ക് അനുസൃതമായി രാജ്യത്തെ വിവിധ സമൂഹങ്ങളിൽനിന്നുമുള്ള ചെറുപ്പക്കാർക്ക് വിദ്യാഭ്യാസം നൽകുക എന്നതാണ് അവരുടെ പ്രഥമ ചുമതല. വിദ്യാർഥികൾക്ക് അവരുടെ മുഴുവൻ കഴിവുകളും നേടിയെടുക്കാൻ സഹായിക്കുക എന്നതും അവരുടെ ചുമതലയിൽ പെട്ടതാണ്. മത, വംശ, സംസ്കാര വൈവിധ്യങ്ങളുള്ള സമൂഹത്തിലെ വ്യക്തികൾക്ക് ഐക്യത്തോടെ ജീവിക്കാനുള്ള സാധ്യതയെ പ്രോത്സാഹിപ്പിക്കുക എന്നതും സ്കൂളുകളുടെ സുപ്രധാന ദൗത്യങ്ങളിൽ പെട്ടതാണ്. ഐക്യവും കൂട്ടായ്മയും വളർത്തിയെടുക്കാനുള്ള പ്രദേശം കൂടിയാണ് സ്കൂളുകൾ. സ്കൂളുകളിൽ ഏകീകൃത വസ്ത്രധാരണ രീതി കൊണ്ടുവരുന്നത് വഴി വംശീയവും മതപരവും സാമൂഹികവുമായ വിഭജനത്തെ തടയാൻ സാധിക്കുമെന്ന വാദം ശരിയാണ്. പക്ഷേ, ഇവിടെയുള്ള പ്രശ്നം; ഈ നാട്ടിൽ വളർന്നുവരുന്ന വംശീയ, സാംസ്കാരിക മത ന്യൂനപക്ഷങ്ങളിൽനിന്നുള്ള പെൺകുട്ടികൾ ഈ വസ്ത്രധാരണരീതി വഴി ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു എന്നതാണ്. ഭൂരിപക്ഷത്തിന്റെ സംസ്കാരം സ്വീകരിക്കാൻ അതുവഴി അവർ നിർബന്ധിക്കപ്പെടുന്നു എന്ന ആശങ്ക അവരെ അലട്ടുന്നു. ഒരു മിക്സഡ് സ്കൂളിൽ പഠിക്കുമ്പോൾ തന്റെ സാംസ്കാരിക ബോധത്തെ സംരക്ഷിക്കുവാൻ വേണ്ടിയാണ് ഷബീന ബീഗം ജിൽബാബ് തെരഞ്ഞെടുത്തത്. ഒരു ഗേൾസ് സ്കൂൾ ആയിരുന്നുവെങ്കിൽ അവർക്ക് ഈ പ്രശ്നം അഭിമുഖീകരിക്കേണ്ടിവരുമായിരുന്നില്ല.''

**അച്ചടക്കമോ അവകാശമോ പ്രധാനം?**

> **'മൂടുപടം' നിരോധിക്കുന്നതിലൂടെ രക്ഷിതാക്കളുടെയും വിദ്യാർഥികളുടെയും സ്വത്വ അടയാളങ്ങൾക്കും സാംസ്കാരിക വൈവിധ്യങ്ങൾക്കും കോട്ടം തട്ടും എന്നതും കാണേണ്ടതുണ്ട്. പരസ്പര ആദരവ് പ്രഖ്യാപിക്കുന്ന ലിബറൽ തത്ത്വങ്ങളെ അത് അപകടത്തിലേക്ക് കൊണ്ടുപോവുകയും ചെയ്യും. അതുവഴി പരമ്പരാഗതമായ സാംസ്കാരിക രീതികൾ ശീലിച്ചുവന്നിട്ടുള്ള കുടുംബങ്ങൾ തങ്ങളുടെ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് അയക്കാതിരിക്കുന്നതിനും കാരണമായിത്തീരും. ഈ പശ്ചാത്തലത്തിൽ, സമത്വത്തിനുള്ള അവകാശം നടപ്പാക്കേണ്ടത് മുകളിൽ വിവരിച്ച രണ്ടു സാഹചര്യങ്ങളെയും സമന്വയിപ്പിച്ചുകൊണ്ട് മാത്രമേ പാടുള്ളൂ.''**
> **- ജസ്റ്റിസ് ധൂലിയ**

സ്കൂൾ അച്ചടക്കവും ന്യൂനപക്ഷങ്ങളുടെ സാംസ്കാരികവും മതപരവുമായ അവകാശങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളിൽ ഒരു തീരുമാനം എടുക്കേണ്ടിവരുമ്പോൾ ഒരു സന്തുലിതാവസ്ഥ നിലനിർത്തേണ്ടതുണ്ട് എന്നതാണ് മുകളിലെ വിധി സൂചിപ്പിക്കുന്നത്. ഷബീനയുടെ കേസിൽ വിധിപറഞ്ഞ ഹൗസ് ഓഫ് ലോർഡ്സിലെ വനിതാ ജഡ്ജ് ബറോണസ് ഹെയ്ൽ വിധി പ്രസ്താവത്തിൽ പ്രൊഫസർ ഫ്രാൻസെസ് റാഡെയുടെ 'സംസ്കാരം, മതം, ലിംഗഭേദം' എന്ന പുസ്തകത്തിലെ 980ാം ഖണ്ഡികയിൽനിന്നും ചില കാര്യങ്ങൾ ഉദ്ധരിക്കുന്നുണ്ട്. അതിങ്ങനെ വായിക്കാം:

"കുടുംബങ്ങൾ അടിച്ചേൽപിക്കുന്ന പുരുഷാധിപത്യ നിയമങ്ങൾക്ക് മേൽ 'ഫെമിനിസ്റ്റ് സ്വാതന്ത്ര്യം' തിരഞ്ഞെടുക്കാനുള്ള അവസരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 'മൂടുപടം' നിരസിച്ചുകൊണ്ടുള്ള നിർബന്ധിതനയം നടപ്പാക്കുന്നതിലൂടെ സൃഷ്ടിക്കാൻ സാധിച്ചേക്കും. അങ്ങനെയൊരു നയം സ്വീകരിക്കുന്നതിലൂടെ വിദ്യാഭ്യാസത്തിന്റെ നേട്ടങ്ങൾ പെൺകുട്ടികളുടെ തുല്യതയ്ക്കും സ്വാതന്ത്ര്യത്തിനുമുള്ള അവകാശത്തെ മാനിക്കൽ ഒരു ബാധ്യതയാണ് എന്ന സന്ദേശം നൽകുകയും ചെയ്യും. എന്നാൽ 'മൂടുപടം' നിരോധിക്കുന്നതിലൂടെ രക്ഷിതാക്കളുടെയും വിദ്യാർഥികളുടെയും സ്വത്വ അടയാളങ്ങൾക്കും സാംസ്കാരിക വൈവിധ്യങ്ങൾക്കും കോട്ടം തട്ടും എന്നതും കാണേണ്ടതുണ്ട്. പരസ്പര ആദരവ് പ്രഖ്യാപിക്കുന്ന ലിബറൽ തത്ത്വങ്ങളെ അത് അപകടത്തിലേക്ക് കൊണ്ടുപോവുകയും ചെയ്യും. അതുവഴി പരമ്പരാഗതമായ സാംസ്കാരിക രീതികൾ ശീലിച്ചുവന്നിട്ടുള്ള കുടുംബങ്ങൾ തങ്ങളുടെ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് അയക്കാതിരിക്കുന്നതിനും കാരണമായിത്തീരും. ഈ പശ്ചാത്തലത്തിൽ, സമത്വത്തിനുള്ള അവകാശം നടപ്പാക്കേണ്ടത് മുകളിൽ വിവരിച്ച രണ്ടു സാഹചര്യങ്ങളെയും സമന്വയിപ്പിച്ചുകൊണ്ട് മാത്രമേ പാടുള്ളൂ."

*(അടുത്ത ലക്കത്തിൽ: ജസ്റ്റിസ് ധൂലിയയുടെ വിധിയുടെ സമാപനം)*

ലേഖനം




# വിവാഹ പ്രവചനങ്ങൾ

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

**ഭൂട്ടോയുടെ മരണം**

1984ൽ, മുൻ പാക്കിസ്ഥാൻ പ്രധാനമന്ത്രി സുൽഫിക്കർ അലി ഭൂട്ടോ തൂക്കിലേറ്റപ്പെട്ടപ്പോൾ ഖാദിയാനി ചീഫ് മിഷനറി മുഹമ്മദ് ഉമർ 'ഇമാം മഹ്ദിയെ കണ്ടെത്തൽ' എന്ന പുസ്തകത്തിൽ ഈ ഇൽഹാം ഉദ്ധരിച്ചുകൊണ്ട് എഴുതി:

"U.N.Oയിൽ ഇന്ത്യക്കാരെ നായ്ക്കളെന്ന് വിളിച്ച ഭൂട്ടോ, മസീഹിന്റെ ഈ പ്രവചനപ്രകാരം 52ാം വയസ്സിലേക്ക് കാലെടുത്തുവച്ചപ്പോൾത ന്നെ കൊല്ലപ്പെട്ടു."

വ്യക്തമായ പ്രവചനങ്ങൾ ഫലിക്കാതെ വരുമ്പോൾ തലതിരിഞ്ഞ മറ്റെന്തോ ജൽപനങ്ങളെ പ്രവചനമായി അവതരിപ്പിച്ച്, പുലർന്നു എന്ന് പറയാനുള്ള ധാർഷ്ട്യം 'പ്രവാചകനി'ൽനിന്ന് തന്നെയാവാം അനുയായികൾക്ക് ലഭിച്ചത്!

ഇനി ബട്ടാലവിയുടെ കൂട്ടുകാരുടെ കാര്യമെടുക്കാം. 1899 ഡിസംബർ 17ന് 'മജ്മൂഅ ഇശ്തിഹാറാതി'ൽ മിർസാ ഖാദിയാനി പരസ്യപ്പെടുത്തി: "ജഅ്ഫർ സട്‌ലി തന്റെ ദുഷിച്ച സംസാരം നിർത്താൻ കൂട്ടാക്കിയിരുന്നില്ല. പക്ഷേ, ഈയിടെയായി എന്നെ നേരിടാൻ ധൈര്യപ്പെടുന്നില്ല. അബുൽ ഹസൻ തിബറ്റിക്കും മിണ്ടാട്ടമില്ല. യഥാർഥത്തിൽ നിന്ദ്യതയുടെ മരണം അവരിൽ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. അതല്ലാതെ അവർ എന്നെ ചീത്ത പറയുന്നത് നിർത്തിയതെന്തിന്? ഈ നിന്ദ്യത തന്നെയായിരുന്നു പ്രവചനം കൊണ്ട് ഉദ്ദേശിച്ചത്" (വാല്യം 3, പേജ് 203).

**1899 ഡിസംബർ 17ന് 'മജ്മൂഏ ഇശ്തിഹാറാതി'ൽ മിർസാ ഖാദിയാനി പരസ്യപ്പെടുത്തി: "ജഅ്ഫർ സട്‌ലി തന്റെ ദുഷിച്ച സംസാരം നിർത്താൻ കൂട്ടാക്കിയിരുന്നില്ല. പക്ഷേ, ഈയിടെയായി എന്നെ നേരിടാൻ ധൈര്യപ്പെടുന്നില്ല. അബുൽ ഹസൻ തിബറ്റിക്കും മിണ്ടാട്ടമില്ല. യഥാർഥത്തിൽ നിന്ദ്യതയുടെ മരണം അവരിൽ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. അതല്ലാതെ അവർ എന്നെ ചീത്ത പറയുന്നത് നിർത്തിയതെന്തിന്? ഈ നിന്ദ്യത തന്നെയായിരുന്നു പ്രവചനം കൊണ്ട് ഉദ്ദേശിച്ചത്''** (വാല്യം 3, പേജ് 203).

അഹ്‌ലെ ഹദീസ് പ്രതാധിപർ മൗലവി അബ്ദുൽ വഹാ സനാഉല്ല ഈ പരസ്യം ജാഫർ സട്‌ലിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം പത്രാധിപർക്ക് കത്തെഴുതി:

"മൗലവി സാഹിബ്, അസ്സലാമു അലൈക്കും.

മിർസാ ഖാദിയാനിയെ എതിർത്തതുകൊണ്ട് എനിക്ക് ഇന്നുവരെ യാതൊരു നിന്ദ്യതയും ഉണ്ടായിട്ടില്ല. മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹവും അന്തസ്സും വർധിച്ചിട്ടേയുള്ളൂ. അദ്ദേഹത്തിന്റെ പ്രവചനങ്ങളെ പിശാചിന്റെ വചനങ്ങളായേ ഞാൻ കരുതിയിട്ടുള്ളൂ. ആഥമിനോട് പറഞ്ഞതുപോലെ സത്യം ചെയ്താൽ ആയിരം രൂപയെങ്കിലും തരാൻ തയ്യാറായിരുന്നെങ്കിൽ ഞാൻ സത്യം ചെയ്തേനെ. വേണമെങ്കിൽ പത്തുകൊല്ലത്തെ അവധി വച്ചുകൊണ്ട് എന്റെ മരണം പ്രവചിക്കട്ടെ. എന്റെ ആയുസ്സ് വർധിക്കുകയേ ഉള്ളൂ. അദ്ദേഹത്തിനെതിരെ ഞാനൊന്നും ശബ്ദിക്കുകയോ എഴുതുകയോ ചെയ്യുന്നില്ലെന്നത് ശുദ്ധകളവാണ്. 'മിർസാ കാദിബും ഞാനും' (15.2.1999), 'കള്ള മസീഹിനോട് രണ്ടുവാക്ക്' (20.4.99), 'ഖാദിയാനിലെ കള്ളമസീഹ്' (25.6.99), 'അൽഹകമിന്റെ തെറ്റിദ്ധരിപ്പിക്കൽ' (1.10.99), 'അത്ഭുതകരമായ മറുപടി' (15.12.99) എന്നീ ലഘുലേഖകൾ പ്രവചനശേഷം പ്രസിദ്ധീകരിച്ചവയാണ്.

ലാഹോർ.

വിനീതൻ,

മുഹമ്മദ് ബക്ഷ് ജഅ്ഫർ സട്‌ലി.''

പതിനഞ്ചോളം പേരുടെ മരണം പ്രവചിച്ചിട്ട് കൃത്യമായി, ഇതാ ഇന്നയാൾ മരിച്ചിരിക്കുന്നു എന്ന് പറയാൻ സാധിക്കാതെ എല്ലാറ്റിലും എന്തെങ്കിലും ന്യായങ്ങൾ നിരത്താൻ ഒരുപാട് പേജുകൾ കറുപ്പിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണ്? ഒരു പ്രവചനം പോലും പുലർന്നു എന്ന് തെളിയിക്കാൻ ഖാദിയാനിക്കോ ഖാദിയാനികൾക്കോ സാധിക്കില്ല!

### വിവാഹ പ്രവചനങ്ങൾ

അന്ത്യപ്രവാചകൻ മുഹമ്മദ് (സ്വ), ഈസാ നബി(അ)യുടെ രണ്ടാം വരവിൽ അദ്ദേഹത്തിൽ പൂർത്തീകരിക്കേണ്ട അടയാളം എന്ന നിലയ്ക്ക് 'വിവാഹം കഴിക്കും, കുട്ടികളുണ്ടാകും' എന്ന് പറഞ്ഞിട്ടുണ്ട്.

'ഈസാ നബി(അ) മരിച്ചുപോയതുകൊണ്ട് അദ്ദേഹത്തിന് പകരക്കാരനായി അയക്കപ്പെട്ട' മിർസാ ഗുലാം അഹ്മദ് ഖാദിയാനി രണ്ട് വിവാഹം കഴിക്കുകയും 12 മക്കൾ ജനിക്കുകയും ചെയ്തിരിക്കെ, അദ്ദേഹത്തിന് ഈ അടയാളം പുലർന്നിരിക്കുന്നു എന്ന് അഹ്മദികൾക്ക് കരുതാമായിരുന്നു. എന്നാൽ മിർസായുടെ വാക്കുകൾ ഇങ്ങനെ ആശ്വസിക്കാൻ വക നൽകുന്നില്ല. 'അൻജാമെ ആഥമി'ന്റെ അനുബന്ധത്തിൽ അദ്ദേഹം കുറിച്ചു:

"വാഗ്ദത്ത മസീഹ് വിവാഹം കഴിക്കും, കുട്ടികളുണ്ടാകും എന്ന് പ്രവചിച്ചുകൊണ്ട് നബി(സ്വ) നേരത്തെ തന്നെ ഞാനും മുഹമ്മദീ ബീഗവും തമ്മിലുള്ള വിവാഹത്തെ സത്യപ്പെടുത്തിയിട്ടുണ്ട്. സാധാരണ വിവാഹമോ സന്താനലബ്ധിയോ അല്ല ആ പ്രവചനംകൊണ്ട് ഉദ്ദേശിച്ചതെന്ന് വ്യക്തമാണ്. കാരണം, വിവാഹം കഴിക്കുന്നതും കുഞ്ഞുങ്ങളുണ്ടാവുന്നതും സർവസാധാരണമാണ്. എന്നാൽ, ഇപ്പറഞ്ഞത് പ്രത്യേകമായ വിവാഹമാണ്. അതൊരു ദിവ്യാടയാളമായിരിക്കും. സന്താനലബ്ധിയിലുമുണ്ട് പ്രത്യേകത. ഞാൻ പലവരു പ്രവചിച്ചതാണ് വാഗ്ദത്തപുത്രനെപ്പറ്റി. കറുത്ത ഹൃദയങ്ങളുള്ള എതിരാളികളുടെ സംശയങ്ങൾക്ക് വ്യക്തമായ മറുപടി നൽകുകയും ഈ കാര്യങ്ങൾ സംഭവിക്കുമെന്നത് തീർച്ചയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുകയാണ് റസൂൽ തിരുമേനി(സ്വ) ഈ വചനത്തിലൂടെ" (പേജ് 53, ഹാശിയ).

മുഹമ്മദീ ബീഗവുമായുള്ള ആകാശ വിവാഹവും അതിൽ ജനിക്കേണ്ട വാഗ്ദത്ത പുത്രനുമായി ബന്ധപ്പെട്ട പ്രവചനങ്ങളാണ് ഇനി പറയുന്നത്.

മിർസാ ഖാദിയാനി 1852ൽ, തന്റെ പതിമൂന്നാം വയസ്സിൽ, സ്വന്തം മാതുലപുത്രി ഹുർമത് ബീബിയെ വിവാഹം ചെയ്യുകയും മൂന്നുവർഷത്തിനിടെ സുൽത്താൻ അഹ്മദ്, ഫസൽ അഹ്മദ് എന്നീ രണ്ട് മക്കൾ ജനിക്കുകയും ചെയ്തിരുന്നു. മാനവസമൂഹത്തിന് ഉപകാരപ്പെട്ടില്ലെങ്കിലും സ്വന്തം താല്പര്യങ്ങൾക്ക് വേണ്ടിയുള്ള കുറേ വഹ്‌യുകളും സ്വപ്ന-

ജാഗ്രദ് ദർശനങ്ങളും തദ്കിറയിൽ ഉണ്ട്. അവയിൽ സ്വന്തം വിവാഹവുമായി ബന്ധപ്പെട്ട ആദ്യത്തെ വഹ്‌യ് ഇങ്ങനെയാണ്.

''1881ൽ തീയതി രേഖപ്പെടുത്താത്ത ഒരു വഹ്‌യുണ്ട്; 'നാം നിനക്കു സുന്ദരനായ ഒരു ആൺകുട്ടിയെ നൽകുമെന്ന സുവിശേഷം അറിയിക്കുന്നു' എന്ന്. ഞാൻ ഇത് ഹാഫിസ് നൂർ അഹ്മദ് അമൃതസരി എന്ന, എന്റെ മസീഹ് വാദം സ്വീകരിക്കാത്ത വ്യക്തിയെയും ഷേഖ് ഹാമിദ് അലിയെയും ശരംപത്, മലാവാമിൽ എന്നീ ഹിന്ദുക്കളെയും കേൾപ്പിച്ചു. ഇരുപത് വർഷത്തോളമായി പ്രസവിക്കാതിരുന്ന ഭാര്യ ഇനി പ്രസവിക്കുമോ എന്ന് അവർ അത്ഭുതം കൂറി. എന്നാൽ മൂന്ന് വർഷം കഴിഞ്ഞപ്പോൾ ഡൽഹിയിലെ ഒരു സയ്യിദ് കുടുംബത്തിലെ പെൺകുട്ടിയുമായി എന്റെ വിവാഹം നടന്നു. തുടർന്ന് അല്ലാഹു ആ കുട്ടി അടക്കം നാലു ആൺകുട്ടികളെ തന്നു.

പിന്നീട് ലഭിച്ച ഒരു വഹ്‌യ് ഇപ്രകാരമായിരുന്നു: 'എന്റെ അനുഗ്രഹത്തിന് നന്ദി പറയുക. നീ എന്റെ ഖദീജയെ നേടിയിരിക്കുന്നു.' അനുഗൃഹീത കുടുംബത്തിലെ ഒരു ഉമ്മ ആയതുകൊണ്ടാണ് അല്ലാഹു അവൾക്ക് ഖദീജ എന്ന പേരു വിളിച്ചത്. അതോടൊപ്പം അവർ സാദാത്ത് കുടുംബത്തിൽ പെട്ടവരുമാണ്.

അടുത്ത വചനം: 'നിന്നെ ജാമാതാവാക്കുന്ന വളരെ മാന്യമായ കുടുംബത്തെ നൽകി നിന്റെ കുടുംബത്തെ ആദരിച്ച അല്ലാഹുവിനാണ് സർവസ്തുതിയും'' (പേജ് 29, 30).

അമ്പതിനോടടുത്ത പ്രായത്തിൽ ഡൽഹിയിൽനിന്ന് ഒരു പതിനാറുകാരിയെ വിവാഹം കഴിച്ചപ്പോൾ, ആ കുടുംബത്തിന്റെ മഹത്ത്വം സ്വന്തം വാക്കുകളിലും ദൈവിക വചനങ്ങളിലും തുളുമ്പുകയാണ്!

**'ഈ കല്യാണം എന്റെ സ്വന്തം ചെലവിൽ'**

''തുടർന്ന് 'നിന്നെ രണ്ടാമതൊരു വിവാഹം കഴിപ്പിക്കുമെന്നും അതിനുള്ള എല്ലാ സാധനങ്ങളും ഞാൻ തന്നെ ഏർപ്പാടാക്കുമെന്നും നിനക്ക് ഈ കാര്യത്തിൽ ഒരുവിധ പ്രയാസവും ഉണ്ടാകില്ല എന്നും അല്ലാഹു ഉർദുവിൽ വഹ്‌യ് നൽകി. ഇതേ ആശയം ഒരു പേർഷ്യൻ ഈരടിയായും അല്ലാഹു അറിയിച്ചു.

**'അല്ലാഹു എനിക്ക് രണ്ടു വിവാഹത്തെക്കുറിച്ച് സുവാർത്ത നൽകിയിരിക്കുന്നു. ഒന്ന് കന്യകയും മറ്റൊന്ന് വിധവയും. മറ്റു പലരെയും അക്കാര്യം നേരത്തെത്തന്നെ അറിയിച്ചിരുന്നു. രണ്ടു സ്ത്രീകളെ ഞാൻ വിവാഹം കഴിക്കും എന്നാണ് അല്ലാഹു ഉദ്ദേശിച്ചത്. അതിൽ കന്യകയായ ഭാര്യയെപ്പറ്റിയുള്ള പ്രവചനം പുലർന്നുകഴിഞ്ഞു. അതിൽ നാല് സന്തതികളും ഉണ്ടായി. വിധവയെപ്പറ്റിയുള്ള ഇൻഹാമിന്റെ പുലർച്ച കാത്തിരിക്കുന്നു'' (പേജ് 30,31). ആദ്യ വിവാഹമാണ് ഉദ്ദേശിച്ചതെങ്കിൽ അതിൽ രണ്ട് ആൺകുട്ടികൾ മാത്രമാണ് ജനിച്ചത്. നാലു മക്കളുണ്ട് എന്ന മേൽപ്രസ്താവനയുടെ പൊരുൾ എന്താണെന്ന് അറിയില്ല. ആദ്യഭാര്യയിൽ ഈ രണ്ടു മക്കളേ ഉള്ളൂ എന്ന കാര്യത്തിൽ മിർസായുടെ ജീവചരിത്രകാരന്മാർ യോജിക്കുന്നു.**



ഈ വിവാഹത്തിന്റെ എല്ലാ ചെലവുകളും താമസിക്കാനുള്ള വീടും അല്ലാഹുതന്നെ ഏർപ്പാടാക്കിത്തന്നു. എനിക്ക് അണുമണിത്തൂക്കം ടെൻഷനടിക്കേണ്ടി വന്നില്ല.

അത്ഭുതം എന്നല്ലാതെ എന്തു പറയട്ടെ! ആ സയ്യിദുമാരുടെ വല്യുമ്മയുടെ പേര് ശഹർബാനു എന്നായിരുന്നു; ഒരു വലിയ കുടുംബത്തിന്റെ മാതാവാകാനായി തെരഞ്ഞെടുത്ത ഭാര്യയുടെ പേരാകട്ടെ നുസ്രത്ത് ജഹാൻ ബീഗം എന്നും. ലോകത്തിനു മുഴുവൻ സഹായകമായിരിക്കും അതിലൂടെ ഉണ്ടാകുന്ന കുടുംബം എന്നതിന്റെ സൂചനയായിരുന്നു ഇത്. ഇവ്വിധം പേരുകളിൽ പോലും വലിയ പ്രവചനങ്ങൾ ഒളിപ്പിക്കുക എന്നത് അല്ലാഹുവിന്റെ ഒരു രീതി ആകുന്നു...

ഇശാഅതുസ്സുന്നയുടെ എഡിറ്ററായിരുന്ന മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ വീട്ടിൽ ഒരു ആഘോഷത്തിൽ പങ്കെടുക്കാൻ വേണ്ടി പോകേണ്ടി വന്നു. 'ഈയിടെ എന്തെങ്കിലും ഇൽഹാം ഉണ്ടായോ?' അദ്ദേഹം കുശലാന്വേഷണം നടത്തി. ഞാൻ പറഞ്ഞു: 'അല്ലാഹു എനിക്ക് രണ്ടു വിവാഹത്തെക്കുറിച്ച് സുവാർത്ത നൽകിയിരിക്കുന്നു. ഒന്ന് കന്യകയും മറ്റൊന്ന് വിധവയും. മറ്റു പലരെയും അക്കാര്യം നേരത്തെത്തന്നെ അറിയിച്ചിരുന്നു. രണ്ടു സ്ത്രീകളെ ഞാൻ വിവാഹം കഴിക്കും എന്നാണ് അല്ലാഹു ഉദ്ദേശിച്ചത്. അതിൽ കന്യകയായ

ഭാര്യയെപ്പറ്റിയുള്ള പ്രവചനം പുലർന്നുകഴിഞ്ഞു. അതിൽ നാല് സന്തതികളും ഉണ്ടായി. വിധവയെപ്പറ്റിയുള്ള ഇൻഹാമിന്റെ പുലർച്ച കാത്തിരിക്കുന്നു" (പേജ് 30,31).

ആദ്യ വിവാഹമാണ് ഉദ്ദേശിച്ചതെങ്കിൽ അതിൽ രണ്ട് ആൺകുട്ടികൾ മാത്രമാണ് ജനിച്ചത്. നാലു മക്കളുണ്ട് എന്ന മേൽപ്രസ്താവനയുടെ പൊരുൾ എന്താണെന്ന് അറിയില്ല. ആദ്യഭാര്യയിൽ ഈ രണ്ടു മക്കളേ ഉള്ളൂ എന്ന കാര്യത്തിൽ മിർസായുടെ ജീവചരിത്രകാരന്മാർ യോജിക്കുന്നു.

**യഥാർഥത്തിൽ സംഭവിച്ചത്!**

ഈ രണ്ടാം വിവാഹക്കാര്യം വഹ്‌യുമായി ബന്ധിപ്പിക്കുകയും പ്രവചനമായി അവതരിപ്പിക്കുകയും ചെയ്യുന്നുവെങ്കിലും അതിന്റെ യാഥാർഥ്യം ബശീർ അഹ്മദ് 'ബസീറതുൽ മഹ്ദി'യിൽ ആദ്യ ഭാര്യയുടെ നിവേദനത്തിൽ വിവരിക്കുന്നുണ്ട്. 68, 69 രിവായത്തുകളുടെ ചുരുക്കം ഇങ്ങനെ:

"ഉമ്മ പറയുന്നു: 'എന്റെ ചെറുപ്പത്തിൽ പിതാവ് മീർ നാസിർ നവാബിന് ഖാദിയാനിലേക്ക് സ്ഥലംമാറ്റം ലഭിക്കുകയും ഇവിടെ ആറേഴ് മാസം താമസിക്കുകയും ചെയ്തിരുന്നു. അന്ന് നിന്റെ മൂത്താപ്പയുടെ (ഗുലാം ഖാദിർ) വീട്ടിലായിരുന്നു താമസിച്ചിരുന്നത്..." (പേജ് 50).

മിർസാ ഖാദിയാനിയുടെ ജ്യേഷ്ഠൻ ഗുലാം ഖാദിർ നേരത്തെ കനാൽ കോൺട്രാക്ടർ ആയിരുന്നു. പിന്നീട് പൊലീസിൽ ജോലി ലഭിക്കുകയും ഗുരുദാസ്പൂരിൽ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തു. 1883ൽ 55ാം വയസ്സിൽ മരിച്ചു. രണ്ട് മക്കൾ ചെറുപ്പത്തിലേ മരിച്ചുപോയിരുന്നു. അദ്ദേഹം ഗുരുദാസ്പൂരിൽ താമസിക്കുമ്പോൾ ഒഴിഞ്ഞുകിടന്ന വീട്ടിലാണ് പഞ്ചാബ് ഗവൺമെന്റിൽ കനാൽ വകുപ്പ് ഉദ്യോഗസ്ഥനായിരുന്ന ഡൽഹി നിവാസിയായ നാസിർ നവാബ് കുടുംബവുമായി താമസിച്ചത്.

> **ഖാദിയാനികളുടെ പ്രവാചകൻ ഒരു കന്യകയെയും ഒരു വിധവയെയും കല്യാണം കഴിക്കും എന്നാണ് അല്ലാഹു പറഞ്ഞത്. ആ രണ്ടു അവസ്ഥകളും വിവാഹത്തിന് മുമ്പേ ആ സ്ത്രീകളിൽ ഉണ്ടാവേണ്ടതാണ്. എന്നാൽ അത് രണ്ടും ഒരാൾ തന്നെയാണെന്ന് നാം മനസ്സിലാക്കണമെന്ന് ക്രോഡീകരിച്ചയാൾ പറയുന്നു. മിക്ക സ്ത്രീകളുടെയും കാര്യത്തിൽ ഈ രണ്ട് റോളും നമുക്ക് കാണാവുന്നതാണ്. അതിന് വഹ്‌യിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇത്തരം അനുയായികളാണ് ഖാദിയാനി പ്രവാചകന്റെ മുതൽക്കൂട്ട്.**

"എന്റെ പിതാവിനോട് വിവാഹാന്വേഷണം നടത്തിയപ്പോൾ വലിയ പ്രായവ്യത്യാസം കാരണം മാതാപിതാക്കൾക്ക് ഇഷ്ടപ്പെട്ടില്ല. എന്നാൽ വീണ്ടും കത്തെഴുതിയപ്പോൾ സമ്മതിക്കുകയും പിതാവ് ശൈഖ് ഹാമിദ് അലിയെയും ലാലാ മലാവാമിലിനെയും കൂട്ടി ഡൽഹിയിൽ വരികയും ചെയ്തു. മൗലവി നദീർ ഹുസൈൻ നിക്കാഹ് നടത്തി. അദ്ദേഹത്തിന് അഞ്ചു രൂപയും ഒരു മുസല്ലയും നൽകി. അന്നെനിക്ക് 18 വയസ്സായിരുന്നു; ഹുസൂറിന്ന് ഏതാണ്ട് 50 നോടടുത്തും" (പേജ് 51).

ജ്യേഷ്ഠന്റെ വീട്ടിൽ താമസിച്ചിരുന്ന ഒരു പെൺകുട്ടിയെ ഇഷ്ടപ്പെടുകയും സ്വന്തം പ്രായം പരിഗണിക്കാതെ അക്കാലത്ത് 1100 രൂപ മഹർ നൽകി വിവാഹം കഴിക്കുകയും ചെയ്ത സംഭവത്തെയാണ് പ്രവചനമായി അവതരിപ്പിച്ചത്. മഹറിന്റെ കാര്യം 263ാമത്തെ രിവായത്തിൽ വിശദീകരിക്കുന്നുണ്ട്. ഇത്രയും ഭീമമായ തുക എവിടുന്ന് കിട്ടി എന്ന ചോദ്യം ഉന്നയിക്കാതിരിക്കാനാണ് 'എല്ലാ ചെലവുകളും ഞാൻ വഹിക്കും, നീ ടെൻഷനടിക്കേണ്ട' എന്ന് അല്ലാഹു നേരത്തെ വഹ്‌യ് നൽകിയതായി പറഞ്ഞുവച്ചത്.

കന്യകയും വിധവയും

'ഒരു കന്യകയും ഒരു വിധവയും' എന്ന വഹ്‌യ് എവ്വിധം സാക്ഷാത്കരിച്ചു എന്നതിന് തദ്കിറ ക്രോഡീകരിച്ചയാൾ നൽകുന്ന വിശദീകരണം നോക്കുക:

"ഈ വിനീതന്റെ വീക്ഷണം, ഈ രണ്ടു വശങ്ങളും ഉമ്മുൽ മുഅ്മിനീന്റെ കാര്യത്തിൽ തന്നെ പൂർത്തീകരിച്ചു എന്നാണ്. അവർ കന്യകയായി ഹുസൂറിന്റെ ഭാര്യാപദത്തിലേക്ക് വന്നു. പിന്നീട് വിധവയാവുകയും ചെയ്തു" (പേജ് 31 അടിക്കുറിപ്പ്)

ഖാദിയാനികളുടെ പ്രവാചകൻ ഒരു കന്യകയെയും ഒരു വിധവയെയും കല്യാണം കഴിക്കും എന്നാണ് അല്ലാഹു പറഞ്ഞത്. ആ രണ്ടു അവസ്ഥകളും വിവാഹത്തിന് മുമ്പേ ആ സ്ത്രീകളിൽ ഉണ്ടാവേണ്ടതാണ്. എന്നാൽ അത് രണ്ടും ഒരാൾ തന്നെയാണെന്ന് നാം മനസ്സിലാക്കണമെന്ന് ക്രോഡീകരിച്ചയാൾ പറയുന്നു. മിക്ക സ്ത്രീകളുടെയും കാര്യത്തിൽ ഈ രണ്ട് റോളും നമുക്ക് കാണാവുന്നതാണ്. അതിന് വഹ്‌യിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇത്തരം അനുയായികളാണ് ഖാദിയാനി പ്രവാചകന്റെ മുതൽക്കൂട്ട്.

യുവതിയും സുന്ദരിയുമായ രണ്ടാം ഭാര്യയുമായി കഴിയവെ, ആദ്യഭാര്യ അവഗണിക്കപ്പെടുകയും അവരുമായുള്ള ബന്ധം വഷളാവുകയും ചെയ്തു. മിർസാ ഖാദിയാനി വിവാഹമോചനത്തിന് തയ്യാറായപ്പോൾ ആ സാധു സ്ത്രീ, താനൊരു അവകാശവും ആവശ്യപ്പെടാതെ ഇവിടെ കഴിഞ്ഞുകൊള്ളാം എന്ന് പറഞ്ഞു.

*(തുടരും)*




# ഇസ്‌ലാമിന്റെ തെളിവുകൾ: ഫിലോസഫി എന്ത് പറയുന്നു?

ഷാഹുൽ പാലക്കാട്
:97478 90521

**E10: സ്ഥായി സ്വഭാവം**

പ്രപഞ്ചം ഒരു സങ്കീർണ സംവിധാനമായി പ്രവർത്തിക്കുന്നുവെന്ന് മാത്രമല്ല അതിന്റെ പ്രകൃതം സ്ഥായിയാണ്. ഗ്രാവിറ്റി ഇന്നലത്തെപോലെതന്നെ നൂറ് വർഷങ്ങൾക്ക് മുൻപും നാളെയും ആയിരം വർഷങ്ങൾക്ക് ശേഷവും പ്രവർത്തിക്കുന്നു. അമേരിക്കയിലും ഇന്ത്യയിലും ചൊവ്വയിലും ശനിയിലും ഒരുപോലെ പ്രവർത്തിക്കുന്നു. ഇതുതന്നെയാണ് മറ്റു നിയമങ്ങളുടെ കാര്യവും. ഗ്രഹചലനങ്ങളും രാവും പകലും ഉദയാസ്തമയങ്ങളും ഒരുപോലെ ആവർത്തിക്കുന്നത് ഈ സ്ഥായിസ്വഭാവത്തിൽനിന്നാണ്. മനുഷ്യനും ജന്തുക്കൾക്കും ഗാലക്സികൾക്കും സ്ഥിരമായി പ്രപഞ്ചത്തിൽ നിലനിൽക്കാൻ കഴിയുന്നതും ഇതിനാലാണ്.

ഒരേ ഉദ്ദേശ്യത്തിൽ സൃഷ്ടിക്കപ്പെട്ടതാണ് പ്രപഞ്ചമെന്ന theist വീക്ഷണത്തിൽ ഒരേ സ്വഭാവത്തിൽ പ്രപഞ്ചം നിലനിൽക്കേണ്ടത് പ്രതീക്ഷിതമാണ്. യാദൃച്ഛികമായി സ്ഥിര സ്വഭാവം കാണിക്കുന്ന സങ്കീർണമായ ഒരു സംവിധാനം ജന്തുജീവലോകത്തെ എന്തിന് നിലനിർത്തണമെന്നത് നിരീശ്വര വിശ്വാസത്തിൽ ഉത്തരമില്ലാത്ത ചോദ്യമാണ്.

**E11: അരിസ്റ്റോട്ടിലിയൻ ആർഗുമെന്റ്**

പ്രകൃതിയിൽ മാറ്റങ്ങൾ സംഭവിക്കുന്നത് നാമെല്ലാം അനുഭവിക്കുന്നതാണ്. എന്നാൽ എന്താണ് മാറ്റം? അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ ഒരു വസ്തുവിലടങ്ങിയ പൊട്ടെൻഷ്യാലിറ്റിയുടെ പ്രത്യക്ഷീകരണമാണ് (actualisation) മാറ്റം. ഉദാ: ചൂടുള്ള കാപ്പി തണുത്ത കാപ്പിയാകുന്നു. പാൽ തൈരാകുന്നു. പാൽ എന്തുകൊണ്ട് തൈര് തന്നെയാകുന്നു? എന്തുകൊണ്ട് അത് ചിക്കൻ സൂപ്പാകുന്നില്ല? പാലിന് തൈര് തന്നെയാകാനുള്ള പൊട്ടെൻഷ്യാലിറ്റി ഉള്ളതുകൊണ്ടാണത്. ചൂട് കോഫിയുടെജ Potentiality തണുക്കാൻ മാത്രമാണ്. ഒരു Potentiality പുറത്ത് വരണമെങ്കിൽ അതിന് മറ്റൊരു ബാഹ്യകാരണം പ്രവർത്തിക്കുകയും വേണം.

ചൂടുകോഫി തണുക്കാൻ തണുത്ത അന്തരീക്ഷമാണ് കാരണം. പാല് തൈരാകാൻ ബാക്ടീരിയ പ്രവർത്തിക്കുന്നു. ഇതിൽനിന്നും ഇങ്ങനെ ഒരു വാദമുന്നയിക്കാം:

1. പ്രപഞ്ചത്തിൽ മാറ്റങ്ങൾ നിലനിൽക്കുന്നു.
2. എല്ലാ മാറ്റവും ഒന്നിലടങ്ങിയ Potentialityയുടെ പ്രത്യക്ഷീകരണം (actualisation) ആണ്.
3. ഒന്നിലടങ്ങിയ Potentiality പ്രത്യക്ഷമാകാൻ മുന്നേ നിലനിൽപുള്ള ഒരു കാരണം പ്രവർത്തിക്കണം. പാല് തൈരാകാൻ ബാക്ടീരിയകൾ കാരണമാകുന്ന പോലെ.
4. സകല ലോകങ്ങളിലെ മാറ്റങ്ങൾക്കും പ്രവർത്തിക്കാൻ അവയെ actualise ചെയ്ത, സ്വയം actualise ആകാൻ കഴിവുള്ള ഉണ്മയുണ്ടാകണം.
5. മറ്റൊന്നിനെ ആശ്രയിക്കാതെ സ്വയംതന്നെ മാറ്റങ്ങളെ സൃഷ്ടിക്കാൻ കഴിയുന്ന അസ്തിത്വം ദൈവമാണ്.
6. ആയതിനാൽ ദൈവമുണ്ട്.

**E12: ക്വാണ്ടം ഇൻഡിറ്റർമിനിസം**

എന്താണ് ഭൗതികവാദം? സകലതിനും ഭൗതികമായ കാര്യകാരണങ്ങളുണ്ടെന്ന വീക്ഷണമാണ് അടിസ്ഥാനപരമായി അത്. കാറ്റിനെയും മഴയെയും ഇടിയെയും പ്രകൃതിനിയമങ്ങൾകൊണ്ടുതന്നെ വിശദീകരിക്കാൻ കഴിയും. ആയതിനാൽ ദൈവം വേണ്ടതില്ലെന്നും ഇവർ കരുതുന്നു. എന്നാൽ സകലതിനും ഭൗതികമായ കാര്യകാരണങ്ങൾ ഇല്ലെന്ന് ആധുനിക ശാസ്ത്രം തന്നെ പറയുന്നു. ക്വാണ്ടം മെക്കാനിക്സിലെ പദാർഥത്തിന്റെ സൂക്ഷ്മലോകത്തേക്ക് പോയാൽ ഭൗതികമായ കാരണങ്ങളില്ലാതെ തന്നെ കാര്യങ്ങൾ സംഭവിക്കുന്നതായി കാണുന്നു. അതിനർഥം പ്രപഞ്ചം കാരണപരമായി അടഞ്ഞതല്ല എന്നാണ് (not causally closed).

സൂക്ഷ്മലോകം ഭൗതിക ബാഹ്യകാരണങ്ങളെ ആശ്രയിക്കുന്നില്ലെങ്കിൽ ഒരു അസ്തിത്വത്തിന്റെ ഇടപെടലിനുള്ള സാധ്യത തുറന്നുവയ്ക്കുകയാണ് ചെയ്യുന്നത്. അടിസ്ഥാനകണികകൾ ദൈവത്തെ അനുസരിക്കുകയും ആ കണികകളെ ആശ്രയിച്ച് ലോകം നിലനിൽക്കുകയും ചെയ്യുന്നു എന്നുവന്നാൽ അതിനർഥം പ്രപഞ്ചത്തിലെ ഓരോ നിമിഷത്തിലെ ഓരോ ചലനവും ദൈവത്തിന്റെ നിയന്ത്രണത്തിൽ സംഭവിക്കുന്നുവെന്നാണ്.




അഥവാ ലോകത്തിന് പ്രപഞ്ചബാഹ്യമായ ഒരു അസ്തിത്വത്തിന്റെ നിയന്ത്രണത്തിലാകാനുള്ള യുക്തിപരമായ എല്ലാ സാധ്യതകളുമുണ്ട്.

1. പ്രപഞ്ചം ഭൗതികമായ കാരണങ്ങളാൽ അടഞ്ഞതല്ല (not causally closed).
2. പ്രപഞ്ചത്തിന് ബാഹ്യമായ ഒന്നിനാൽ പ്രപഞ്ചം നിയന്ത്രിതമാണെന്ന യുക്തിക്ക് quantum mechanics ന്യായം നൽകുന്നുണ്ട്.

**സകലതിനും ഭൗതികമായ കാര്യകാരണങ്ങളുണ്ടെന്ന വീക്ഷണമാണ് അടിസ്ഥാനപരമായി അത്. കാറ്റിനെയും മഴയെയും ഇടിയെയും പ്രകൃതി നിയമങ്ങൾ കൊണ്ടുതന്നെ വിശദീകരിക്കാൻ കഴിയും. ആയതിനാൽ ദൈവം വേണ്ടതില്ലെന്നും ഇവർ കരുതുന്നു. എന്നാൽ സകലതിനും ഭൗതികമായ കാര്യകാരണങ്ങൾ ഇല്ലെന്ന് ആധുനിക ശാസ്ത്രം തന്നെ പറയുന്നു. ക്വാണ്ടം മെക്കാനിക്സിലെ പദാർഥത്തിന്റെ സൂക്ഷ്മലോകത്തേക്ക് പോയാൽ ഭൗതികമായ കാരണങ്ങളില്ലാതെ തന്നെ കാര്യങ്ങൾ സംഭവിക്കുന്നതായി കാണുന്നു. അതിനർഥം പ്രപഞ്ചം കാരണപരമായി അടഞ്ഞതല്ല എന്നാണ്**

3. ഇത് theism അനുസരിച്ച് expectedആയകാര്യമാണ്.

ആയതിനാൽprinciple of evidence അനുസരിച്ച് theismത്തിന് തെളിവാണ്.

E13:quantum wave function collapse

ക്വാണ്ടം ലോകം സ്ഥൂല ലോകത്തുനിന്നും വളരെ വിചിത്രമാണ്. ഹൈസെൻബർഗിന്റെ അനിശ്ചിതത്വ സിദ്ധാന്തം അനുസരിച്ച് ഒരു ക്വാണ്ടം കണികകളെ കൃത്യതയിൽ അളക്കാൻ ആവില്ലെന്നാണ്. ഈ സിദ്ധാന്തപ്രകാരം കണങ്ങൾക്ക് നിരീക്ഷിക്കപ്പെടാൻ കഴിയാത്ത വിഭിന്നമായ കൃത്യതയുള്ള സ്ഥാനമോ വേഗതയോ ഉണ്ടായിരിക്കുകയില്ല. പകരം ഒരു ക്വാണ്ടം അവസ്ഥ ഉണ്ടായിരിക്കണം. ഇത് സ്ഥാനത്തിന്റെയും വേഗത്തിന്റെയും മിശ്രിതമായിരിക്കും. ക്വാണ്ടം ബലതന്ത്രം ഒരൊറ്റ നിരീക്ഷണത്തിന്റെ ഫലം പ്രവചിക്കുകയില്ല. പകരം വ്യത്യസ്തമായ സാധ്യതാ ഫലങ്ങളെക്കുറിച്ചും അവയോരോന്നും മിക്കവാറും എങ്ങനെയായിരിക്കുമെന്നും പ്രവചിക്കുകയാണ് ചെയ്യുന്നത്. അതായത് ഒരേ രീതിയിലുള്ള ഒരുകൂട്ടം വ്യൂഹങ്ങളിൽ ഒരേതരത്തിലുള്ള മാപനങ്ങൾ (measurment) നടത്തുകയാണെങ്കിൽ ചില മാപനങ്ങളുടെ ഫലം A, വേറേ ചില മാപനങ്ങളുടെത് B എന്നിങ്ങനെയാണെന്ന് കാണാൻ കഴിയും. മാപനഫലം ഏകദേശം ഇങ്ങനെയാണെന്ന് പ്രവചിക്കാൻ കഴിയുമെങ്കിലും ഒരൊറ്റ മാപനഫലത്തെ കൃത്യമായി പ്രവചിക്കാൻ കഴിയില്ല. അതുകൊണ്ട് ക്വാണ്ടം ബലതന്ത്രം ഒഴിവാക്കാൻ പറ്റാത്ത അപ്രവചനാവസ്ഥയുടെ ഘടകം അല്ലെങ്കിൻ ആകസ്മികത (randomness) ശാസ്ത്രത്തിൽ കൊണ്ടുവന്നു എന്നു പറയാം. പ്രകാശം തരംഗനിർമിതമാണെങ്കിലും ഒരു തരത്തിൽ ഇത് കണനിർമിതവുമാണെന്നും, ഇവയെ ഉൽസർജിക്കുന്നത് പാക്കറ്റുകളായാണ് അല്ലെങ്കിൽ ക്വാണ്ടം രൂപത്തിലാണ് എന്നും പ്ലാങ്കിന്റെ ക്വാണ്ടം സിദ്ധാന്തം പറയുന്നു. ഹൈസൻബർഗിന്റെ അനിശ്ചിതത്വ സിദ്ധാന്തവും സൂചിപ്പിക്കുന്നത് കണങ്ങൾ ചിലപ്പോൾ തരംഗരൂപത്തിൽ പെരുമാറുന്നു എന്നാണ്. എന്നാൽ ഇവയ്ക്ക് കൃത്യമായ സ്ഥാനമില്ലാതെ സഭവ്യതാ വിതരണത്തിൽ (Probability distribution) പരന്നുകിടക്കുന്നു.



ഈ തരംഗ സ്വഭാവത്തിൽനിന്നും കണികാസ്വഭാവത്തിന്റെ കൃത്യതയിലേക്ക് ക്വാണ്ടം അവസ്ഥക്ക് പരിണാമമുണ്ടാക്കാൻ ഒരു നിരീക്ഷകനെക്കൊണ്ട് കഴിയുന്നുണ്ട് എന്നാണ് ഡബിൾ സ്ലിറ്റ് പരീക്ഷണങ്ങൾ തെളിയിക്കുന്നത്. ഈ അവസ്ഥയെwave function collapse എന്നും അതിന് നിരീക്ഷണം കാരണമാകുന്നതിനെ observer effect എന്നും വിളിക്കുന്നു. ഈ പരീക്ഷണത്തിൽ നിരീക്ഷിക്കപ്പെടുന്നതു കൊണ്ട് തരംഗ സാധ്യതാ സ്വഭാവത്തിൽ നിലനിലനിൽക്കുന്ന ക്വാണ്ടം അവസ്ഥ കണികാസ്വഭാവത്തിന്റെ കൃത്യതയിലേക്ക് മാറുന്നതായി കണ്ടെത്തി.

1. സൂക്ഷ്മലോകം അനവധി സാധ്യതകളുടെ മിശ്രിതമായ തരംഗരൂപത്തിലാണ്. കൃത്യമായ സ്ഥാനമോ സ്വഭാവമോ അവയിലില്ല.
2. ബാഹ്യ നിരീക്ഷണ കാരണമാകുന്ന ഒന്നിനാൽ അടിസ്ഥാനകണികകൾ ഒരു പ്രത്യേക സ്വഭാവത്തി ലേക്ക് മാറുന്നു (observer effect).
3. പ്രപഞ്ചം ഒരു കൃത്യമായ സ്വഭാവത്തിൽ പ്രവർത്തിക്കുന്നു. അതിനു ബാഹ്യമായ ഒരു നിരീക്ഷകന്റെ കാരണമുണ്ടാകാം.

ദൈവസങ്കൽപം ഒരു തരത്തിലും പ്രപഞ്ചത്തിന്റെ ഭൗതിക ശാസ്ത്ര മോഡലുമായി യോജിക്കുന്നില്ല എന്നതാണ് നാസ്തിക പക്ഷം. എന്നാൽ പ്രപഞ്ചം ദൈവസൃഷ്ടി ആകാമെന്ന് മാത്രമല്ല, ഓരോ കണികയും ദൈവ നിയന്ത്രണ വിധേയമാണ് എന്ന് വിശ്വസിക്കാനുള്ള ന്യായംവരെ ഭൗതികശാസ്ത്രം നൽകുന്നുണ്ട്. Theism അനുസരിച്ച് expected ആണ് ഈ പൊരുത്തം. ദൈവമുള്ള ലോകവീക്ഷണത്തിന് ഇത് ന്യായം നൽകുന്നു.

**E14: മസ്തിഷ്കം**

പ്രപഞ്ചത്തിൽ ഏറ്റവുംproductive ആയതെന്താണ്? ഇന്നുവരെയുള്ള അറിവനുസരിച്ച് മനുഷ്യ മസ്തിഷ്കത്തെക്കാൾ സങ്കീർണമായതോ, ആസൂത്രിതമായതോ, productive ആയതോ പ്രകൃതിയിലില്ല. കോടി മനുഷ്യരുടെ അറിവുകൾ ഒരുമിച്ച് ചേർത്തിട്ടും അതുപോലെ ഒന്ന് നിർമിക്കുന്നതിനെ സംബന്ധിച്ച് ചിന്തിക്കാൻ പോലും മനുഷ്യനാകുന്നില്ല. വാസ്തവത്തിൽ എന്താണ് ബോധമെന്ന് തന്നെ മനസ്സിലാക്കാൻ സയൻസിന് കഴിഞ്ഞിട്ടില്ല. ഇതെവിടെനിന്ന് വന്നു? പരിണാമവാദമനുസരിച്ച് ഇത്ര സങ്കീർണമായ അവയവം പരിണമിച്ചുണ്ടായി എന്ന് വാദിച്ചാലും ദൈവത്തിനു തെളിവാകുന്നു അത്. എന്താണ് പരിണാമം? മാറ്റത്തെയാണ് പരിണാമമെന്ന് വിളിക്കുന്നത്. എന്നാൽ ഒരു വസ്തുവിൽ അന്തർലീനമായ സ്വഭാവം മാത്രമെ മാറ്റത്തിലൂടെ പുറത്ത് വരൂ. പാൽ തൈരാകുന്ന പോലെ. പാലിന് തൈരാകാനുള്ള potentiality

ഉള്ളതുകൊണ്ടാണ് അത് പായ സമാകാതെ തൈര് തന്നെയാകുന്നത്. അപ്പോൾ മനുഷ്യമസ്തിഷ്കം പോലെയൊന്ന് മാറ്റത്തിലൂടെ ഉണ്ടായി എങ്കിൽ അതുണ്ടാവാനുള്ള potentiality പ്രപഞ്ചത്തിന് ഉണ്ടാകണം. ഇന്റലിജന്റ് ആയ മസ്തിഷ്കത്തെ നിർണിക്കാനുള്ള potentiality പ്രപഞ്ചത്തിനുണ്ടെന്നാൽ അതിനർഥം പ്രപഞ്ചം അത്രയും intelligence അടങ്ങിയതാണെന്നാണ്. അപ്പോൾ പ്രപഞ്ചത്തിന് കാരണമായ ആദിഹേതു അതിനെക്കാൾ ഇന്റലിജൻസ് അടങ്ങിയതും അതുപയോഗിക്കാൻ കഴിയുന്നതും ആകണം. പ്രപഞ്ചത്തെ സൃഷ്ടിച്ച ബുദ്ധിപരമായ കാരണമെന്നാൽ അത് ദൈവം മാത്രമാണ്.

**E15: ദൈവം, പ്രവാചകന്മാർ**

ചരിത്രത്തിൽ ഏതൊരു മനുഷ്യ നാഗരികതയെടുത്താലും ഏതെങ്കിലും തരത്തിലൊരു ദൈവ വിശ്വാസം അവരെ ഒരുമിപ്പിച്ചിരുന്നുവെന്ന് കാണാം. അതിൽ പല ദൈവങ്ങളിൽ വിശ്വസിച്ചിരുന്നവർ പോലും ആ ദൈവങ്ങൾക്ക് മുകളിൽ ഏകമായ ഒരു ശക്തിയുണ്ടെന്നും മറ്റെല്ലാം അതിന് വിധേയമാണെന്നും കരുതിയിരുന്നു. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി നടത്തിയ ഒരു ഗവേഷണ ഫലവും വ്യത്യസ്ത ഭൂമിശാസ്ത്ര ചുറ്റുപാടിൽ ജീവിക്കുന്ന മനുഷ്യരിൽ ഒരുപോലെ ദൈവത്തിലുള്ള വിശ്വാസം കാണപ്പെടുന്നുവെന്ന തീർപ്പിലെത്തിയിരുന്നു. ഗവേഷണങ്ങൾക്ക് നേതൃത്വം നൽകിയവരിൽ പ്രധാനിയായ ഡോ.ജസ്റ്റിൻ ബാരറ്റ് 'ദി ബോൺ ബിലീവേഴ്സ്' എന്ന പേരിൽ ഒരു ഗ്രന്ഥം തന്നെ രചിച്ചിട്ടുണ്ട്. കൃതിയിൽ മനുഷ്യനിലെ ജന്മനാബോധമാണ് ദൈവമെന്നു തെളിവുകൾ സഹിതം സ്ഥാപിക്കുകയാണ് ബാരറ്റ് ചെയ്യുന്നത്. വേറെയും അനവധി പഠനങ്ങൾ ഇതുതന്നെ തെളിയിക്കുന്നുണ്ട്. theism അനുസരിച്ചാണ് എങ്കിൽ ഇത് പ്രതീക്ഷിക്കാവുന്ന ഡാറ്റയാണ്. മനുഷ്യനെ സൃഷ്ടിച്ച ദൈവം ദൈവത്തെ സംബന്ധിച്ച ബോധ്യവും മനുഷ്യന് നൽകിയിരിക്കുന്നു. എന്നാൽ നാസ്തികതയനുസരിച്ച് ഇങ്ങനെയൊന്ന് സംഭവിക്കേണ്ടതില്ല. അപ്പോൾ theism അനുസരിച്ച് സംഭവിക്കേണ്ട കാര്യം പ്രകൃതിയിൽ കാണുന്നു എന്നത് theism ത്തിനുള്ള evidence ആകുന്നു. സമൂഹത്തിന്റെ ധാർമികമായ പുനഃസൃഷ്ടിക്കും അനീതിയോട് സമരം ചെയ്യാനും ദൈവനിയുക്തരായ ദൂതന്മാർ സമൂഹങ്ങളിലേക്കിറങ്ങി വരുന്നുവെന്ന വീക്ഷണവും മനുഷ്യനാഗരികതകൾ പൊതുവായി പ്രകടിപ്പിക്കുന്നു. മിക്ക ദർശനങ്ങളിലും ദേശവ്യത്യാസമില്ലാതെ ഈ വീക്ഷണം പ്രകടമാണ്.

ദിവ്യബോധനത്തെ സംബന്ധിച്ച ഇസ്‌ലാമിക കാഴ്ചപ്പാട് തന്നെ മഹാനായ ചിന്തകൻ സോക്രട്ടീസിന്റെ വർത്തമാനത്തിലും കാണാം. മനുഷ്യരൂപത്തിലുള്ള ഏതൻസുകാരുടെ ദൈവ വീക്ഷണത്തെ നിഷേധിച്ച അദ്ദേഹം, ഒരു ദൈവത്തിൽ വിശ്വസിക്കുകയും മനുഷ്യന് ദൈവികമായ ഉൾവിളിയുണ്ടാകുമെന്നും വിശ്വസിച്ചിരുന്നു. ആ വിശ്വാസത്തിന്റെ തീവ്രതയാൽ അദ്ദേഹം വധശിക്ഷക്ക് പോലും വിധിക്കപ്പെട്ടു. മനുഷ്യനാഗരികതകൾ രൂപപ്പെട്ട് ആയിരക്കണക്കിന് വർഷങ്ങൾ പിന്നിട്ടിട്ടും എന്തുകൊണ്ടാണ് ഇന്നുവരെ സദാചാരമോ, ധാർമികബോധമോ ഉൾക്കൊള്ളാത്ത സമൂഹം ഉണ്ടാകാത്തത്? സ്വാർഥ സുഖഭോഗങ്ങൾക്ക് വേണ്ടി മാത്രം ജീവിക്കുന്ന ആരോടും ഉത്തരവാദിത്തമോ കടമകളോ പാലിക്കാത്ത individualistic ജീവിതരീതി ലിബറലിസത്തിന്റെ ഭാഗമായി നിലവിൽ ഉരുത്തിരിഞ്ഞിട്ടുണ്ട്. ഇതുപോലെ ജീവിക്കാനുള്ള സ്വാർഥതാൽപര്യങ്ങൾ എല്ലാ മനുഷ്യനിലും എല്ലാ കാലത്തുമുണ്ടായിട്ടും കുടുംബബന്ധങ്ങളും സാമൂഹ്യബന്ധങ്ങളും സദാചാരവും ധാർമിക മൂല്യങ്ങളും ഉത്തരവാദിത്തങ്ങളും കടമകളും പാലിക്കാൻ പ്രാകൃത മനുഷ്യനെ വഴിനടത്തിച്ചത് എന്താകും? അവരെ മൂല്യങ്ങളിലേക്കുതന്നെ തിരിച്ച് വിളിച്ചുകൊണ്ടിരുന്നത് ആരാകും? എല്ലാ സമുദായങ്ങളിലേക്കും നിയോഗിത ദൂതന്മാരുണ്ടെന്ന ഇസ്‌ലാമിക അധ്യാപനം ഈ സമസ്യയെ കൃത്യമായും വിശദീകരിക്കുന്നു. ചരിത്രത്തിലെ പ്രവാചകന്മാരുടെ കൈരേഖപോലെ ഈ സാമൂഹ്യമൂല്യങ്ങൾ നിലനിൽക്കുന്നു.

**ജീവിക്കാനുള്ള സ്വാർഥതാൽപര്യങ്ങൾ എല്ലാ മനുഷ്യനിലും എല്ലാ കാലത്തുമുണ്ടായിട്ടും കുടുംബബന്ധങ്ങളും സാമൂഹ്യബന്ധങ്ങളും സദാചാരവും ധാർമിക മൂല്യങ്ങളും ഉത്തരവാദിത്തങ്ങളും കടമകളും പാലിക്കാൻ പ്രാകൃത മനുഷ്യനെ വഴിനടത്തിച്ചത് എന്താകും? അവരെ മൂല്യങ്ങളിലേക്കുതന്നെ തിരിച്ച് വിളിച്ചുകൊണ്ടിരുന്നത് ആരാകും? എല്ലാ സമുദായങ്ങളിലേക്കും നിയോഗിത ദൂതന്മാരുണ്ടെന്ന ഇസ്‌ലാമിക അധ്യാപനം ഈ സമസ്യയെ കൃത്യമായും വിശദീകരിക്കുന്നു. ചരിത്രത്തിലെ പ്രവാചകന്മാരുടെ കൈരേഖപോലെ ഈ സാമൂഹ്യമൂല്യങ്ങൾ നിലനിൽക്കുന്നു.**

Principle of evidence എന്ന, ആരംഭത്തിൽ സൂചിപ്പിച്ച തിയറിയനുസരിച്ച് ഒരു വീക്ഷണത്തിന് ലഭിക്കുന്ന വിവരങ്ങൾ ആ വീക്ഷണത്തിനുള്ള evidences ആണ്. മനുഷ്യനിലെ ദൈവബോധവും ചരിത്രത്തിലെ പ്രവാചകന്മാരും theism അനുസരിച്ചും കൃത്യമായി ഇസ്‌ലാം അനുസരിച്ചും പ്രതീക്ഷിക്കേണ്ട വിവരങ്ങളാണ്. ഇസ്‌ലാം അനുസരിച്ച് കാണേണ്ട വിവരങ്ങൾ ലഭിക്കുന്നത് ഇസ്‌ലാമിനുള്ള തെളിവാണ്.

*(തുടരും)*

# പൊൻമകനേ...!

ഹുസ്ന മലോറം

എൻ പൊൻമകനേ, നീ
നന്നായ് വളരണം
നന്മതൻ മാനത്ത് മിന്നിത്തിളങ്ങണം.
കള്ളം പറയാതെ, ഉള്ളം വെളുപ്പിച്ച്
സൽവാക്ക് നിന്നുടെ ചുണ്ടിൽ വിരിയണം.
തിന്മയിരുട്ടാണ് പൊന്മകനേ, നിന്റെ
കാലുകൾ നന്മതൻ ഭൂവിൽ ചവിട്ടണം.
നിന്നെ ഞാൻ കാണുമ്പോൾ
എൻ കൺകുളിർക്കണം.
നല്ല നാളേക്ക് നീ ത്യാഗങ്ങൾ ചെയ്യണം
ഏകനാം ദൈവത്തെ മാത്രം വണങ്ങണം.
ഏറുന്ന നോവുകളവനോടു പറയണം.
ഇഹപര വിജയത്തിനായ് നീ ശ്രമിക്കണം
എല്ലാ ദുരിതത്തിലും നീ ക്ഷമിക്കണം.
ഉപകാരമേകാൻ നീ തൽപരനാകണം.
ഉടയോന്റെ സ്വർഗവും നിൻ ലക്ഷ്യമാകണം.
പ്രാർഥനയെന്നും മുറുകെ പിടിക്കണം
പാരിതിൽ നല്ലൊരു മർത്യനായ് മാറണം.
ലോകർക്ക് മാതൃകയായ് നീ വളരണം
ലോല മനസ്കനായ് നീ വളർന്നീടണം
അഹങ്കാമൊട്ടുമെ കാട്ടാതിരിക്കണം
അലങ്കാരം വിനയമെന്നോർമയിൽ വെക്കണം.
കരുണ നീ കാട്ടിടൂ ഭൂമിയിലുള്ളോർക്ക്
കാരുണ്യവാന്റെ കരുണ നീ നേടിടും.
ഉപകാരമേകുന്നറിവു നീ നേടിടൂ
ഉടയോനെ നന്നായ് അറിയാൻ ശ്രമിച്ചിടൂ.
എൻ പൊൻ മകനേ, നീ നന്നായ് വളർന്നിടൂ.
നേരിന്റെ കാവലായ് എന്നും തെളിഞ്ഞിടൂ...



നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

## രണ്ട് വാല്യങ്ങൾ




വില:
₹500+₹500=₹1000
ഇപ്പോൾ:
₹750

WISDOM BOOKS

PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
12 August 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

